# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജനുവരി 11 | ദീപം 56 | നാളം 43 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org




# മിഴി തുറക്കാം പുതുവർഷ പുലരിയിലേക്ക്




അനിൽ ജെ. തയ്യിൽ


പുതുക്കലുകളും വിളക്കിച്ചേർക്കലുകളും അടർത്തിമാറ്റലുകളുമൊക്കെ കൂടിച്ചേർന്ന് വരുംകാലങ്ങളിലേക്കുള്ള കടന്നുചെല്ലലുകളാണ് ഓരോ പുതുവർഷവും. ജീവിതം ഏതൊക്കെ ഘട്ടങ്ങളിലൂടെ കടന്നുപോയാലും പ്രത്യാശാനിർഭരമായ ഒരു നല്ല കാലത്തേക്കു പ്രതീക്ഷയോടെയുള്ള കടന്നുചെല്ലലാണത്. നിതാന്തമായ ജാഗ്രതയും അളവില്ലാത്ത പ്രത്യാശയും തുറവുള്ള മനസ്സും ജീവിതത്തോടുള്ള ആഗ്രഹവും ആർജവവുമൊക്കെ ഉൾച്ചേർത്തുവേണം നാം പുതിയൊരു പുതുവർഷപ്പുലരിയിലേക്കു മിഴിതുറക്കാൻ. നമ്മുടെ കാലഘട്ടം എല്ലാവിധത്തിലും മുൻതലമുറകളുടെ ആവേഗവും ആവേശവും കാത്തുസൂക്ഷിക്കുന്നുണ്ടോ? ഇപ്പോൾ വിലയിരുത്തപ്പെടേണ്ട ചില വസ്തുതകളിലേക്കൊരു പിൻവാതിൽ നോട്ടവും മുൻവാതിൽപ്രതീക്ഷയും എന്തായിരിക്കാം? ഇരുളിലെ മെഴുകുതിരിനാളം തേടുക എന്നതുതന്നെയാണ് ഉചിതമായ യുക്തി.

**നെൽക്കതിരുകൾ തലയുയർത്തുമോ?**

ചേറിൽ വീണ വിയർപ്പുതുള്ളികൾ നെല്ലായി കൊയ്തെടുക്കുന്ന കർഷകന് തന്റെ അധ്വാനഫലം ബാങ്കുവായ്പയായി ലഭിക്കുന്ന വിചിത്രമായ പി.ആർ.എസ്. പദ്ധതി അങ്ങേയറ്റം അപലപനീയമാണെങ്കിലും അതുപോലും കൃത്യമായി നടപ്പാക്കാൻ സാധിക്കാത്തവിധം പരാജയപ്പെട്ടിരിക്കുന്ന സർക്കാർ, കോടികളാണ് നെൽക്കർഷകർക്കു കുടിശ്ശികയായി നൽകാനുള്ളത്. ബാങ്കുകളുടെ വായ്പാപരിധി എത്തിയെന്നതിന്റെ പേരിൽ പല കർഷകർക്കും പണം നൽകുന്നില്ലെന്നു മാത്രമല്ല, കൊയ്ത നെല്ലു സംഭരിക്കുന്നതിലെ വീഴ്ചമൂലം കണക്കില്ലാത്തത്ര നെല്ലാണ് മഴയിൽ കുതിർന്നത്. പുതിയ പ്രതീക്ഷയും വാഗ്ദാനവും കിടങ്ങൂർ റൈസ് പാർക്കിന്റെ നിർമാണമാണ്. കാര്യക്ഷമമായ നെല്ലുസംഭരണത്തിനു സഹായിച്ചേക്കാമെന്നു കരുതുന്നുവെങ്കിലും ഈ പദ്ധതി ഇപ്പോഴും പേപ്പറിൽത്തന്നെയാണ്. അയൽസംസ്ഥാനങ്ങളിൽ കൃഷിയുള്ളപ്പോൾ കേരളത്തിലെന്തിന് എന്ന വിചിത്രചിന്താഗതികളിൽനിന്നു നമ്മുടെ ഭരണാധികാരികൾ വിമോചിതരാകുമെന്നു പ്രത്യാശിക്കാം.

**താഴെ വീഴാതെ റബറും കുരുമുളകും**

ഡൽഹി - മുംബൈ മാർക്കറ്റുകളിൽ വില കുതിച്ചുയർന്നതോടെ കറുത്ത സ്വർണം മുഖം മിനുക്കി. മുൻവർഷത്തേതിനെക്കാൾ 42 ടൺ കുരുമുളകിന്റെ കുറവനുഭവപ്പെട്ട വിപണിയിൽ ഇടനിലക്കാരുടെ പൂഴ്ത്തിവയ്പ്പുംകൂടിയായപ്പോൾ ഇന്ത്യൻകുരുമുളകിന്റെ കയറ്റുമതിവില ടണ്ണിന് 450 ഡോളറിലെത്തി. ബ്രസീലിലെ കൊടുംവരൾച്ച ബ്രസീലിയൻകുരുമുളകിന്റെ ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചതും വിയറ്റ്നാംകുരുമുളകിന്റെ ഗുണമേന്മയില്ലായ്മയും ഇന്ത്യൻകുരുമുളകിന്റെ വിപണിമൂല്യം കൂട്ടി. വയനാട്, ഹൈറേഞ്ച് കർഷകർക്ക് ഏറെ പ്രത്യാശ പകർന്നുകൊണ്ട് കൊച്ചി മാർക്കറ്റിൽ പുതിയ കുരുമുളക് കിലോയ്ക്ക് 586 രൂപയ്ക്കും അൺഗാർബിൾഡ് 616 രൂപയ്ക്കും വില്പന നടന്നുവെന്നത് ശുഭോദർക്കമാണ്.

താഴെ വീണുകിടക്കുന്ന അവസ്ഥയിൽനിന്നു വീണ്ടും കുഴിയിലേക്കു പോയില്ല എന്നതുമാത്രമാണ് 2023 മറയുമ്പോൾ റബറിന്റെ ആശ്വാസം. കിലോയ്ക്കു മിനിമം 250 രൂപ കിട്ടിയാൽമാത്രം ലാഭകരമാകുന്ന റബർവിലയിൽ പുതുവർഷസമ്മാനമായി ലഭിച്ച വർധന ആർ.എസ്.എസ്. ഫോറിന് രണ്ടു രൂപമാത്രം. രാജ്യാന്തരതലത്തിൽ ടയർകമ്പനികൾ വില ഉയർത്തിയതിന്റെ നിഴലിൽ ഇന്ത്യൻകമ്പനികൾ നേരിയ വർധനയ്ക്കു നിർബന്ധിതരായെങ്കിലും അവർ വില താഴ്ത്താനുള്ള പ്രവണതയാണു കാണിക്കുന്നത്. പുതുവത്സരത്തിൽ റബ്ബർ കർഷകനുള്ള ഏക പ്രതീക്ഷ, തറവില പ്രഖ്യാപനം സംബന്ധിച്ചു വിളിച്ചുചേർക്കാൻപോകുന്ന മന്ത്രിസഭായോഗവും വരാനിരിക്കുന്ന ബജറ്റുമാണ്. ഇവിടൊക്കെ പ്രധാനമായി നാം ശ്രദ്ധ കൊടുക്കേണ്ടത് രാഷ്ട്രീയേതര കർഷകസംഘടനകളുടെ ശക്തിപ്പെടുത്തലുകളും ഒരുമനസ്സോടെയുള്ള അണിചേരലുമാണ്.

**ശബരി വിമാനത്താവളം**

കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾക്ക് ഏറെ നേട്ടം കൊയ്യാവുന്ന എരുമേലി ശബരിഗിരി വിമാനത്താവളമാണ് ഏറെ പ്രതീക്ഷയുണർത്തുന്ന ഒരു പദ്ധതി. ശബരിമലയാത്രികർ, പ്രവാസികൾ, ബിസിനസുകാർ തുടങ്ങി നിരവധി പേർക്ക് പ്രയോജനം ചെയ്യുന്ന ഈ പദ്ധതി ഒരു വലിയ ഭൂപ്രദേശത്തിന്റെ സമ്പൂർണ വികസനത്തിന്റെ വാതിൽപ്പടിയാണ്. ബലമുള്ള മണ്ണ്, വെള്ളം, ഗതാഗതം, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ സുലഭമായ ഈ 'ടേബിൾടോപ്പ് പീഠഭൂമി' വിമാനത്താവളപദ്ധതിക്ക് കുറഞ്ഞ മൂലധനവും പരിപാലനച്ചെലവും മതിയാകും എന്നതുതന്നെയാണ് ആകർഷകമായ കാര്യം. 2023 ൽ കേന്ദ്രവ്യോമയാനമന്ത്രാലയം സൈറ്റ് ക്ലിയറൻസ് നൽകിയ ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ കേരളത്തിലെ ആറാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാകും. ശബരിമല ദേശീയ തീർഥാടനകേന്ദ്രമാക്കാനുള്ള ബി.ജെ.പി. താത്പര്യം വിമാനത്താവളപദ്ധതിക്ക് ആക്കം പകരുമെങ്കിലും കേരളസർക്കാർ കടന്നുപോകുന്ന കടമെടുത്തു 'കഞ്ഞികുടിക്കൽ' എന്ന ഖജനാവു ദാരിദ്ര്യവും ഭൂമിയേറ്റെടുക്കൽ സംബന്ധിച്ചുള്ള കോടതിവ്യവഹാരങ്ങളും പദ്ധതിയുടെ വേഗം കുറയ്ക്കുമെന്നു നിശ്ചയമാണ്. എന്നാൽ 49 ശതമാനം സ്വകാര്യ ഓഹരിപങ്കാളിത്തമെന്നതും സിയാൻ മോഡൽ പദ്ധതി എന്ന നിലയിൽ നെടുമ്പാശ്ശേരി അന്താരാഷ്ട്രവിമാനത്താവളം നമുക്കുമുമ്പിൽ തലയുയർത്തിനിൽക്കുന്നതും നമ്മുടെ പ്രതീക്ഷകൾക്കു ജീവൻ നൽകുന്നു.

▶ 4

മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 56–ാം വർഷം

1-ാം പേജ് തുടർച്ച



# പ്രതീക്ഷകളുടെ പുതുകാലം

**വന്യമൃഗശല്യം : കണ്ണുതുറക്കുമോ സർക്കാർ?**

പാളുന്ന പ്രതിരോധത്തിന്റെയും അശാസ്ത്രീയമായ കരുതൽനടപടികളുടെയും ബാക്കിപത്രമാണ് കേരളത്തിന്റെ മനുഷ്യ ആവാസമേഖലകളിൽ കൃഷിക്കും മനുഷ്യജീവനും ഭീഷണിയായ വന്യമൃഗശല്യം. വനത്തിലെ ആവാസവ്യവസ്ഥ നഷ്ടപ്പെട്ടതാണു വന്യമൃഗങ്ങൾ നാട്ടിലിറങ്ങാൻ കാരണമെന്നു പറയുന്ന വനംവകുപ്പധികൃതർ ആ അവസ്ഥയിലേക്കെത്തിച്ചേരാൻ തങ്ങളുടെ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സൗകര്യാർഥം മറന്നു. കോടികൾ മുടക്കി നടത്തിയ പ്രതിരോധപ്രവർത്തനങ്ങൾ വ്യഥാവിലായത് എങ്ങനെയെന്നും മിണ്ടുന്നില്ല. 2016 നുശേഷം ഇടുക്കിജില്ലയിൽമാത്രം വന്യജീവി പ്രതിരോധപ്രവർത്തനങ്ങൾക്കു പത്തുകോടിയിലേറെ രൂപ ചെലവഴിച്ച വനംവകുപ്പ് ആവാസവ്യവസ്ഥ പുനർനിർമാണം, കാടുവെട്ട്, ഫയർ ബ്രേക്കിങ്, ട്രഞ്ച് പാത്ത് തുടങ്ങി പല പേരുകളിൽ പല പദ്ധതികൾ നടപ്പാക്കിയെങ്കിലും പല കോടികൾ മുടക്കിയതല്ലാതെ ഒന്നും സംഭവിച്ചില്ല. നിബന്ധനകൾക്കു വിധേയമായി കാട്ടുപന്നികളെ വെടിവച്ചുകൊല്ലാൻ കർഷകർക്ക് അനുമതി നൽകിയെങ്കിലും പലരുടെയും ലൈസൻസ് പുതുക്കി നൽകുന്നില്ല എന്ന പരാതിയും ബാക്കിയാകുന്നു.

തോട്ടവനങ്ങൾ മുറിച്ചുനീക്കി സ്വാഭാവികനിബിഡവനങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയാണ് പ്രധാന പോംവഴി. വനാതിർത്തികളിൽ ഹാങ്ങിങ് ഫെൻസിങ്ങുകൾ സ്ഥാപിച്ചാൽ കാട്ടാനശല്യം കുറയ്ക്കുന്നതിനു സാധിക്കും. വനത്തിനുള്ളിൽ കുളങ്ങൾ നിർമിക്കുന്നതിനുള്ള കോടികളുടെ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിലുള്ള അലംഭാവം കുറ്റകരംതന്നെ. കോടികൾ പാഴാക്കുന്ന പ്രവർത്തനങ്ങൾ ഒരുവശത്തു നടക്കുമ്പോൾ ഇപ്പുറം കൃഷിനാശത്തിനും ജീവഹാനിക്കും ലഭിക്കുന്ന നഷ്ടപരിഹാരം അങ്ങേയറ്റം ലജ്ജാകരമാണ്. ഒരു കർഷകന്റെ ജീവനു ലഭിക്കുന്ന തുക വെറും പത്തു ലക്ഷംമാത്രം. ഹ്രസ്വകാലവിളകളുടെ നാശത്തിനു കൃഷിവകുപ്പു നൽകുന്ന നഷ്ടപരിഹാരം പരിഹാസ്യമാണ്. ജനങ്ങളുടെ വിശപ്പകറ്റാൻ കൃഷി ചെയ്യുന്നവന്റെ രോദനങ്ങൾ നവകേരളവക്താക്കളുടെ കർണപുടങ്ങളിൽ തീയായിപ്പതിയേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു.

**ടൂറിസം മേഖല സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്**

ഉത്തരവാദടൂറിസം എന്നത് കേരളത്തിന്റെ ടൂറിസം നയമാണെങ്കിലും കൂടുതൽ ഉത്തരവാദിത്വത്തോടെ ആ മേഖലയിൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നുവെന്നതാണ് സങ്കടകരമായ യാഥാർഥ്യം. ചില പ്രത്യേക ഡെസ്റ്റിനേഷനുകളിൽമാത്രം ശ്രദ്ധ ചെലുത്താതെ പ്രകൃതിഭംഗിയാലും വിഭവങ്ങളാലും സാംസ്കാരികപൈതൃകത്താലും സമ്പന്നമായ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളും ഒരു ഏകീകൃത ടൂറിസംനയത്തിനു കീഴിൽ കൊണ്ടുവരാനുള്ള നയരൂപീകരണമാണ് അഭികാമ്യം. കോട്ടയം, ഇടുക്കി ജില്ലകളെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. കുമരകവും മൂന്നാറും കാന്തല്ലൂരും വാഗമണ്ണും മാത്രമല്ലല്ലോ ഈ ജില്ലകളുടെ മുഖമുദ്ര.

കുറഞ്ഞ കാലത്തിനുള്ളിൽ വൻവിജയമായ വാട്ടർമെട്രോ പടിഞ്ഞാറൻമേഖലകളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. കോട്ടയം, പോർട്ട് കേന്ദ്രമാക്കി ഈ പദ്ധതി കോട്ടയം ആലപ്പുഴ ജില്ലകളിൽ ഫലപ്രദമായി നടപ്പാക്കാനാവും. ഈ ജില്ലകളിലെ ടൂറിസംപദ്ധതിക്കു പുതിയ മുഖച്ഛായ നൽകാൻ ഇതുകൊണ്ടു സാധിക്കും. ഒപ്പം, ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്നതാണ് കൊച്ചി മെട്രോയുടെ പാത ദീർഘിപ്പിക്കൽ പദ്ധതി. വൈക്കത്തെ തൃപ്പൂണിത്തുറയുമായി ബന്ധിപ്പിക്കാനുള്ള ഈ സ്വപ്നപദ്ധതി മധ്യതിരുവിതാംകൂറിന്റെ യാത്രാദിശകളിൽ സമൂലപരിവർത്തനം സാധ്യമാക്കിയേക്കാം.

ഇത്തവണ ശബരിമലയിലും ശബരിമലതീർഥാടനം സംബന്ധിച്ച ഗതാഗതനിയന്ത്രണത്തിലും സംഭവിച്ച താളപ്പിഴകൾ സമാനതകളില്ലാത്തതായിരുന്നു. കേരളത്തിന്റെ മുഖച്ഛായയ്ക്കേറ്റ ഒരു കറുത്ത പാടാണത്. വരുംവർഷങ്ങളിൽ അതുണ്ടാവില്ലെന്നു നമുക്ക് ആശിക്കാം.

**പ്രവാസികളുടെ സ്വന്തം കേരളമോ?**

ഒരു കുടിയേറ്റസംസ്കാരം ഉള്ളിൽ പേറുന്ന ജനതതിയാണ് കേരളത്തിലേത്. എങ്കിലും, നാടുവിട്ടുപോകുന്നതും തിരിച്ചുവരുന്നതുമായ തലമുറകൾ ഭാവിയിൽ സമ്മാനിക്കുക ഒരു വൃദ്ധകേരളത്തെയായിരിക്കും. വിദ്യാഭ്യാസത്തിനുശേഷം മികച്ച വരുമാനമുള്ള ഒരു ജോലി അന്വേഷിച്ചുമാത്രം വിദേശത്തെ നിധിതേടിപ്പോയിരുന്ന മുൻതലമുറകളെ അപേക്ഷിച്ച്, അടിസ്ഥാനവിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസവും ജോലിയും സ്ഥിരതാമസവും തേടിയാണ് ഇപ്പോൾ അവർ പോകുന്നത്. എന്താണ് അതിനു കാരണമെന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. പ്രശാന്തമായ സാമൂഹിക രാഷ്ട്രീയാന്തരീക്ഷം, സർക്കാർജോലികളടക്കം വിദ്യാഭ്യാസത്തിനനുസരിച്ചുള്ള ജോലിയുടെ അഭാവം തുടങ്ങിയവയൊക്കെ ഇതിനു കാരണമാണ്. രാജ്യത്തിന്റെ പുരോഗതി തുടർന്നുവരുന്ന വർഷങ്ങളിൽ ഇതേ നിരക്കിൽ മുമ്പോട്ടുപോയാൽ 2027 കഴിയുമ്പോൾ അഞ്ചു മില്യൻ ഡോളർ സാമ്പത്തികവ്യവസ്ഥയിലേക്ക് ഇന്ത്യ ഉയരുമെന്നും തുടർന്നുവരുന്ന 25 വർഷക്കാലം ഇതേ വ്യവസ്ഥ തുടർന്നാൽ കൂടുതൽ വിദേശനിക്ഷേപവും വ്യവസായങ്ങളും മികച്ച തൊഴിലവസരങ്ങളുമുണ്ടാവുമെന്നുമുള്ള പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശവിദഗ്ധൻ സഞ്ജീവ് സന്യാലിന്റെ വാക്കുകൾ ഈ പുതുവർഷത്തിൽ ശുഭോദർക്കമാണ്.

**കാലാവസ്ഥ**

കാലാവസ്ഥയെ സംബന്ധിച്ച് മനുഷ്യന്റെ നിസ്സംഗത ആയുസ്സെത്തുംമുമ്പേ ഭൂമിയെ അന്ത്യത്തിലേക്കെത്തിക്കുമെന്ന് ഉറപ്പായിരിക്കുന്നു. കാലാവസ്ഥാപരമായി അത്ര സുഖകരമായ ഒരു വർഷമല്ല നമ്മുക്കു വരാൻപോകുന്നത്. എൽനിനോ ദുർബലമാകാൻ സാധ്യതയുള്ളതിനാൽ കടുത്ത ഉഷ്ണകാലമാണ് കാത്തിരിക്കുന്നത്. കടുത്ത വേനലിനൊപ്പം ദുർബലമായ മൺസൂൺകൂടി പ്രതീക്ഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ അനുഭവപ്പെട്ടേക്കാവുന്ന ജലദൗർലഭ്യം അത്ര നിസ്സാരമാവാൻ സാധ്യതയില്ല.

ഈ പുതുവർഷത്തിൽ നാം എടുക്കേണ്ട പ്രതിജ്ഞ പ്രകൃതിക്കുവേണ്ടി നിലകൊള്ളും എന്നതാണ്. വരുംതലമുറയ്ക്കായി സ്വത്തുക്കൾ വാരിക്കൂട്ടുകയും രമ്യഹർമ്യങ്ങൾ പണിതുയർത്തുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതകാലത്തിനപ്പുറം അവർക്കു നാം കരുതേണ്ടത് ശുദ്ധവായുവും നിർമലമായ വെള്ളവും ഉഷ്ണശാന്തി പകരുന്ന ഇളംകാറ്റുമാണ്.

ആഗോളീകരണത്തിന്റെ ഈ വല്ലാത്ത കാലഘട്ടത്തിൽ ലോകത്തിന്റെ അതിവിദൂരകോണുകളിലെ സ്പന്ദനങ്ങൾപോലും ഒരു പ്രവാസിആശ്രയ സംസ്ഥാനം എന്ന നിലയിൽ നമ്മെ ബാധിച്ചേക്കാം. യുദ്ധം കുറെനാൾകൂടി നീണ്ടുനിൽക്കുമെന്ന ബെഞ്ചമിൻ നെതന്യാഹുവിന്റെ സ്വരം ഉറച്ചതുതന്നെയാണ്. ചില പ്രീണനനയങ്ങളുടെ ഭാഗമായി നമ്മുടെ മാധ്യമങ്ങൾ ഇസ്രായേൽവിരുദ്ധത കുത്തിനിറച്ച് പേജുകൾ രക്താങ്കിതമാകുമ്പോൾ അവർ റഷ്യ-യുക്രെയ്ൻ യുദ്ധതാളുകൾക്കുപിന്നിൽ മറച്ചുപിടിക്കുന്നു. നിലവിലുള്ള സാഹചര്യങ്ങളിൽ ഒരു മാറ്റമുണ്ടായി മറ്റു സഖ്യരാജ്യങ്ങൾകൂടി യുദ്ധമുന്നണിയിൽ നേരിട്ടു പങ്കാളികളാവാൻ തുനിഞ്ഞാൽ തുടർന്നുണ്ടാകുന്ന മാറ്റങ്ങൾ നമുക്കു ശുഭദായകമായിരിക്കില്ല.

പുതുവർഷം നമുക്കു പുതിയ ആകാശവും പുതിയ ഭൂമിയും സമ്മാനിക്കട്ടെ എന്നുമാത്രമേ പരസ്പരം ആശംസിക്കാവൂ. അങ്ങനെയേ ആഗ്രഹിക്കാവൂ. കേരളത്തിന്റെയും ഭാരതത്തിന്റെയും ഭാവി സമ്മോഹനമാവുകതന്നെ ചെയ്യണം. നമുക്ക് അഞ്ചു മില്യൺ ഡോളർ ഇക്കോണമി വേണം. ലോകത്തിന്റെ നിറുകയിൽ നമ്മുടെ പതാക പാറണം. പക്ഷേ, വേദനയോടെയെങ്കിലും നാം മലയാളികൾക്ക് ഒരു ബോധ്യം ഉണ്ടാവണം. 30 ലക്ഷം മലയാളികൾ ഇന്ത്യയ്ക്കു വെളിയിലുണ്ട്. അതുകൊണ്ടുതന്നെ വ്യോമയാന ഗതാഗതം മുമ്പോട്ടു കുതിക്കുന്നു. നാലു ലക്ഷത്തിലേറെ അതിഥിത്തൊഴിലാളികളുള്ള കേരളത്തിൽ 29 ലക്ഷം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജോലിക്കായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നു.

ഇതൊന്നുമല്ല പ്രധാനകാര്യം, ഈ പുതുവർഷത്തിൽ ഓരോ കേരളീയനും 1.20 ലക്ഷം രൂപയുടെ കടക്കാരനാവും. അതായത്, കേരള സർക്കാരിന്റെ അധികബാധ്യത 4.30 ലക്ഷം കോടി രൂപ. കിഫ്ബിയടക്കമുള്ള മറ്റു കടമെടുപ്പുകൂടി കണക്കിൽപ്പെടുത്തിയാൽ മറ്റൊരു മുപ്പതിനായിരം കോടികൂടി വരും.

പുതുവർഷം നമുക്കായി ഒരു സാമ്പത്തിക അടിയന്തരാവസ്ഥ കാത്തുവയ്ക്കാതിരിക്കട്ടെ. നമ്മുടെ സ്വപ്നങ്ങൾ ഒരു പരിധിവരെയെങ്കിലും നിറവേറട്ടെ. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അധ്വാനമേതും ലാഭകരമാണ്; അലസഭാഷണം ദാരിദ്ര്യത്തിനു വഴിതെളിക്കുകയേയുള്ളൂ.

സുഭാഷിതങ്ങൾ 14:23

**എഡിറ്റോറിയൽ**

# അഴിമതിയെന്ന ദുർഭൂതത്തെ ആരു പിടിച്ചുകെട്ടും?

**കൈ**ക്കൂലിയുടെയും അഴിമതിയുടെയും കരാളഹസ്തങ്ങളിൽ 'പ്രബുദ്ധകേരളം' ഞെരിഞ്ഞമരുന്നതിന്റെ വാർത്തകൾ ദിനംപ്രതി കേൾക്കേണ്ടിവരുന്നത് അങ്ങേയറ്റം ലജ്ജാകരവും ഭീതിദവുമാണ്. ഇത്തരം ദുർന്നയങ്ങളും ദുർന്നടപ്പുകളും നാടിന്റെ നെറികെട്ട വ്യവസ്ഥയായി തീറെഴുതപ്പെട്ടതിന്റെ ഉടയവർ ഇവിടത്തെ സർക്കാരുദ്യോഗസ്ഥരാണെന്നതു പകൽപോലെ വ്യക്തമാണ്.

അഴിമതി അവകാശമായി കാണുന്ന സർക്കാരുദ്യോഗസ്ഥർക്കെതിരേ ജനുവരി ഒന്നിനുതന്നെ മുഖ്യമന്ത്രി തുറന്നു പ്രതികരിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്. അഴിമതിനടത്തലല്ല, ചെയ്ത ജോലിക്കു ശമ്പളംവാങ്ങലാണ് അവകാശം. ജനസേവനം എന്ന ചുമതല മറന്നു പ്രവർത്തിക്കരുത്. അഴിമതി കലയായും ശീലമായും സ്വീകരിച്ചിട്ടുള്ളവർ അതുപേക്ഷിച്ചേ മതിയാവൂ എന്ന് മുഖ്യമന്ത്രി തറപ്പിച്ചുപറഞ്ഞു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിച്ചു സംസാരിക്കവേയാണ് അഴിമതിക്കാർക്കെതിരേ അദ്ദേഹം അരിവാളെടുത്തത്.

കൈക്കൂലിക്കേസിൽ സംസ്ഥാനവിജിലൻസ് കഴിഞ്ഞ വർഷം അറസ്റ്റു ചെയ്തത് 60 സർക്കാരുദ്യോഗസ്ഥരെയാണ്; രജിസ്റ്റർ ചെയ്തതാകട്ടെ 56 കേസുകളും. ഈ അറസ്റ്റുനാടകത്തിൽ അധികവും റവന്യൂ, തദ്ദേശഭരണവകുപ്പുകളിലെ ജീവനക്കാരാണ്. 17 പേർ റവന്യൂ ഉദ്യോഗസ്ഥരും 15 പേർ തദ്ദേശഭരണജീവനക്കാരുമാണ്. 2022 ൽ 47 കൈക്കൂലിക്കേസുകളിലായി 56 സർക്കാരുദ്യോഗസ്ഥർ അറസ്റ്റു ചെയ്യപ്പെട്ടിരുന്നു.

കൈക്കൂലിയെന്ന ദുർഭൂതം സർക്കാരോഫീസുകളിൽ ഒരു രോഗാതുരസംവിധാനമായി വേരുറച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ് മേല്പറഞ്ഞ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത്. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹം എന്ന ബോർഡ് സർക്കാരോഫീസുകളിൽ തൂങ്ങിക്കിടക്കുമ്പോഴും അതിനുള്ളിൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അന്യായം നടത്തുന്നതു ശീലക്രമമായിരിക്കുന്നു പല ഉദ്യോഗസ്ഥർക്കും; ഒപ്പം, നിസ്സഹായരായ കുറേ ജനങ്ങൾക്കും. കൈക്കൂലിവ്യവസ്ഥിതിയുടെ ഇരകളാകാൻ വിധിക്കപ്പെട്ടവരാണ് ചോദിക്കാനും പറയാനും വാദിക്കാനുമൊന്നും ശീലമില്ലാത്ത സാധാരണജനം. പറയുന്ന പണംകൊടുത്ത് ഉദ്യോഗസ്ഥരെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ അപേക്ഷകളും അവകാശങ്ങളും സർക്കാർ ഫയലുകളിലെ ചുവപ്പുനാടയിൽ കുരുങ്ങുമെന്ന ഭയംനിമിത്തം കൈമടക്കു കൊടുത്ത് അനീതിക്കു വഴങ്ങാൻ പാവം ജനം നിർബന്ധിതരാകുന്നു.

ജനത്തെ ഞെക്കിപ്പിഴിഞ്ഞു കൊള്ളയടിക്കുന്ന സർക്കാരുദ്യോഗസ്ഥരുടെ ധാർഷ്ട്യത്തെ ഇനിയും വച്ചുപൊറുപ്പിക്കാനാവില്ല. അഴിമതിയെന്ന അർബുദം ബാധിച്ചവർക്കു നല്ല ചികിത്സ കൊടുക്കാൻ ഭരണത്തലപ്പത്തുള്ളവർക്ക് ആർജവമുണ്ടാകണം.

കൈക്കൂലിക്കേസുകളിൽ പ്രത്യക്ഷത്തെളിവില്ലെങ്കിലും സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കാമെന്ന് 2022 ഡിസംബറിൽ സുപ്രീംകോടതി വിധിച്ചിരുന്നു. തെളിവുനശിപ്പിക്കുകയോ പ്രത്യക്ഷത്തെളിവില്ലാതിരിക്കുകയോ ചെയ്താൽ അനായാസം രക്ഷപ്പെട്ട് ഊരിപ്പോരുന്ന അഴിമതിവീരന്മാരുടെ അഹന്തയ്ക്കു പ്രഹരമേല്പിക്കുന്ന വിധിയായിരുന്നു അത്. അനധികൃതമായി പണം കൈപ്പറ്റിയെന്ന വിഷയത്തിൽ വിശ്വസനീയ സാഹചര്യത്തെളിവുകളുടെ അനുമാനത്തിൽ ന്യായാധിപർക്കു വിവേചനാധികാരത്തോടെ തീർപ്പുകല്പിക്കാമെന്നായിരുന്നു രാജ്യത്തെ പരമോന്നതകോടതിവിധിയുടെ അന്തസ്സത്ത.

സുപ്രീംകോടതിയുടെ നിർണായകമായ ഇത്തരം വിധിത്തീർപ്പുകൾ നിലവിലിരിക്കേ, കൈക്കൂലി കൊടുക്കാത്തതിന്റെ പേരിൽ സർക്കാർസേവനം നിഷേധിക്കപ്പെടുന്ന നിസ്സഹായരുടെ നിലവിളികളും നൊമ്പരക്കഥകളും ദിനംപ്രതി കേൾക്കേണ്ടിവരുന്നത് നമ്മുടെ മനസ്സാക്ഷിയെ വല്ലാതെ പൊള്ളിക്കുന്നു. ജനത്തെ സേവിക്കേണ്ട സർക്കാരുദ്യോഗസ്ഥരും ജനപ്രതിനിധികളുമൊക്കെ രാഷ്ട്രീയലാക്കോടെ അവരെ കൊള്ളയടിക്കുന്ന സാമ്പ്രദായികപ്രവണത തിരുത്തണമെന്നു ശഠിക്കാൻ ചങ്കുറപ്പുള്ള പൗരസമൂഹം ഉണരണം. കൈക്കൂലിയെന്ന ദുർഭൂതത്തെ പിടിച്ചുകെട്ടാനുള്ള ഇച്ഛാശക്തിയും അതിജാഗ്രതയും ഭരണാധികാരികൾക്കും ഭരണീയർക്കും ഒരുപോലെ ഉണ്ടായാൽ, നമ്മുടെ നാടു നന്നാകുമെന്നുറപ്പ്.

# സർവനാശം കാത്തിരിക്കുന്നവർ

■ കൊഴുവനാൽ ജോസ്



പ്രതികരണം



**ഒ**ന്നിനു പിറകേ മറ്റൊന്നായി നാനാതരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ സംഭവിക്കുന്ന വല്ലാത്തൊരു കാലമാണിത്. ഭൂകമ്പം, മേഘവിസ്ഫോടനം, മിന്നൽപ്രളയം, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ തുടങ്ങിയ പ്രകൃതിയുടെ പിണക്കങ്ങളും അവമൂലം ഉണ്ടാകുന്ന ആൾനാശവും ധനനഷ്ടവും അപ്പപ്പോൾ കണ്ടും വായിച്ചും അറിയുന്നവരാണ് നമ്മൾ. അതോടൊപ്പം തങ്ങളൊഴികെയുള്ള ലോകത്തെ ഒന്നടങ്കം ഉന്മൂലനം ചെയ്യാൻ കച്ചകെട്ടി ഒളിഞ്ഞിരിക്കുന്ന മതതീവ്രവാദികളും ഭീകരരും സൃഷ്ടിക്കുന്ന ആധികളും ആശങ്കകളും നമ്മെ ഏറെ അസ്വസ്ഥരാക്കുന്നുമുണ്ട്. ഏതു നിമിഷവും എന്തും സംഭവിച്ചേക്കാമെന്ന ഭീതിയുടെ മുൾമുനയിലാണു മാനവരാശി.

എന്നിട്ടും അധികാരസ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചും കടിച്ചുതൂങ്ങിയും കിടക്കുന്നവരെ ഈ വക ചിന്തകൾ ഒട്ടുംതന്നെ അലട്ടുന്നതായി തോന്നുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യമാണു പറയുന്നത്. അതിന്റെ അപകടനിലയെപ്പറ്റി വകതിരിവും കാര്യവിവരവുമുള്ളവർ പലവട്ടം പറഞ്ഞുകഴിഞ്ഞു. നാല്പതുലക്ഷം മനുഷ്യരെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കാൻ ഇടയാക്കുന്നതും അഞ്ചു ജില്ലകളെ ഇല്ലെന്നാക്കി കേരളനാടിനെ രണ്ടായി മുറിച്ചുമാറ്റുന്നതുമായ ആ മഹാദുരന്തത്തിന്റെ കാതടപ്പിക്കുന്ന ഇരമ്പൽ കേൾക്കാനോ ഈ കാത്തിരിപ്പ്...? ഈ വിഷയത്തിൽ അധികാരികളുടെ തണുത്ത പ്രതികരണങ്ങൾ കേൾക്കുമ്പോൾ ഈ ചോദ്യം വളരെ പ്രസക്തമാണെന്നു തോന്നിപ്പോകുന്നു. ഒരു ഭൂകമ്പമോ തത്തുല്യമായ ഒരാഘാതമോ ഉണ്ടാക്കിയേക്കാവുന്ന അതിഭയങ്കരമായ പ്രത്യാഘാതം അഞ്ചു ജില്ലകളിൽ ഒന്നും അവശേഷിപ്പിക്കാതെ നക്കിത്തുടച്ച് അറബിക്കടലിൽ എത്തിക്കുന്ന അതിഭീകരമായ സർവനാശം തടഞ്ഞുനിർത്താൻ നമുക്കാവുന്നില്ലെങ്കിൽ ആ നാശം സംഭവിച്ചേ തീരൂ; ഇന്നല്ലെങ്കിൽ നാളെ.

അണക്കെട്ടിന്റെ നിർമാണം നിർവഹിച്ച എഞ്ചിനീയർ അന്നു വിലയിരുത്തിയ അമ്പതു വർഷത്തെ ആയുസ്സ് 1945ൽ അവസാനിച്ചുകഴിഞ്ഞു. പിന്നീടിങ്ങോട്ട് 78 വർഷം പിന്നിട്ടിട്ടും ലിബിയയിലും സിക്കിമിലും ഉണ്ടായ ദുരന്തങ്ങൾ ഇവിടെ ആവർത്തിക്കാതിരിക്കുന്നത് 'മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെ'ന്നു ചുമ്മാതങ്ങു ജല്പിക്കുന്ന രാഷ്ട്രീയക്കോമരങ്ങളെ ഭയന്നിട്ടൊന്നുമല്ല. പരമകാരുണികനായ ദൈവത്തിന്റെ പരിപാലനയും സർവനാശത്തെ ഉൾപ്പിടച്ചിലോടെ മുന്നിൽക്കണ്ട് നെഞ്ചകമുരുകുന്ന ലക്ഷോപലക്ഷങ്ങളുടെ പ്രാർഥനയുമാണ് അതിനുള്ള കാരണം. കേന്ദ്ര-കേരള-തമിഴ്നാട് സർക്കാരുകളും സെൻട്രൽ വാട്ടർ കമ്മീഷനും രാജ്യത്തെ പരമോന്നതകോടതിയുമൊക്കെ വർഷങ്ങൾ നീണ്ട ചർച്ചകളും അന്വേഷണങ്ങളും വാദപ്രതിവാദങ്ങളും നടത്തിയിട്ടും പ്രശ്നപരിഹാരം ഉണ്ടാകാത്തത് ബന്ധപ്പെട്ട കക്ഷികളുടെ, പ്രത്യേകിച്ച് കേരളത്തിന്റെ, ചങ്കൂറ്റമില്ലാത്ത നാണംകെട്ട നിലപാടുകൾകൊണ്ടുമാത്രമാണ്. തെക്കും വടക്കുമുള്ള ഭരണസിംഹാസനങ്ങളിൽ കഴുകന്റെ കണ്ണും കുറുക്കന്റെ ബുദ്ധിയുമായി കയറിയിരിക്കുന്ന അമ്പലംവിഴുങ്ങികൾക്ക് മധ്യകേരളത്തിലെ അഞ്ചു ജില്ലകൾ അവയിൽ അധിവസിക്കുന്ന സമസ്തജീവജാലങ്ങളോടും പ്രകൃതി തന്നതും മനുഷ്യൻ നിർമിച്ചതുമായ സർവസന്നാഹങ്ങളോടുംകൂടി ശൂന്യതയിൽ വിലയം പ്രാപിച്ചാലും ഒരു ചുക്കും വരാനില്ലെന്നറിയാം. അതുകൊണ്ടാണല്ലോ നവകേരളസദസ് എന്ന ഘോഷയാത്രയ്ക്കിടയിൽ പ്രജാതത്പരനായ നമ്മുടെ മുഖ്യമന്ത്രി മുല്ലപ്പെരിയാർവിഷയത്തിൽ തമിഴ്നാടുമായി ചർച്ച നടക്കുന്നു എന്നു തണുപ്പൻമട്ടിൽ പ്രതികരിച്ചത്. നാമമാത്രമായ പിച്ചക്കാശു വാടകയായിത്തന്നിട്ട് മലയാളക്കരയിലെ വെള്ളം കൊണ്ടുപോയി കൃഷി ചെയ്തുണ്ടാക്കുന്ന സഹസ്രകോടികളുടെ വിളവുകൾ മലയാളിക്കുതന്നെ വിറ്റു കൊഴുക്കുകയാണ് ബുദ്ധിയുള്ള തമിഴൻ. അവരുടെ മുൻമുഖ്യമന്ത്രിണി ജയലളിത കേരളത്തിന്റെ കാര്യം കേരളം നോക്കണമെന്നു പറഞ്ഞതിന്റെ മുനയുള്ള അർഥം ഇവിടത്തെ പുംഗവന്മാർക്ക് ഇന്നും മനസ്സിലായിട്ടില്ല. ആയിരുന്നെങ്കിൽ വരാനിരിക്കുന്ന സർവനാശത്തിനു തടയിടാൻ എന്തെങ്കിലും ചെയ്യുമായിരുന്നല്ലോ.

■




# ചരിത്രപ്രസിദ്ധമായ പാലാ കത്തീഡ്രലും കൃപയുടെ ദനഹാത്തിരുനാളും



ഫാ. ജോസ് കാക്കല്ലിൽ
വികാരി

മീനച്ചിലാറിന്റെ തീരത്ത് പത്തു നൂറ്റാണ്ടുകളുടെ പാരമ്പര്യവും സാക്ഷ്യവുമായി എ.ഡി. 1002 ൽ ഈശോയുടെ ശിഷ്യനും ഭാരത അപ്പസ്തോലനുമായ മാർ തോമാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ പാലാ കത്തീഡ്രലിൽ ഏറെ പ്രാധാന്യത്തോടും പ്രൗഢിയോടും തന്മ നഷ്ടപ്പെടുത്താതെ ദനഹാ (രാക്കുളി) തിരുനാൾ ആഘോഷിക്കുകയാണ്. 1788 ൽ പരിശുദ്ധപിതാവ് ഏഴാം പീയൂസ് മാർപാപ്പാ 'വലിയപള്ളി' സ്ഥാനം അനുവദിച്ചുനല്കിയ പാലാപ്പള്ളിക്ക് 1950 ജനുവരി 25 ന് പാലാ രൂപത സ്ഥാപിതമായപ്പോൾ 'കത്തീഡ്രൽ' പദവിയും ലഭിച്ചു.


പാലാ വലിയപള്ളി ഒരു ആരാധനാലയം എന്നതിനപ്പുറം പാലായുടെ ആധ്യാത്മികവും ഭൗതികവും സാംസ്കാരികവുമായ വളർച്ചയുടെയും ഉന്നതിയുടെയും പ്രശസ്തിയുടെയും ശക്തികേന്ദ്രമായിരുന്നു. മീനച്ചിൽക്കാരുടെ, പ്രത്യേകിച്ച് പാലാക്കാരുടെ അടിയുറച്ച കത്തോലിക്കാവിശ്വാസത്തിന്റെയും ഇതരമതവിഭാഗങ്ങളുമായുള്ള സുദൃഢമായ ബന്ധത്തിന്റെയും അവിശ്രാന്തമായ കഠിനാധ്വാനത്തിന്റെയും അടിത്തറയായി ഈ ആത്മീയകേന്ദ്രം നിലകൊള്ളുന്നു.

പാലായിൽ വേരുകളുള്ളവരെല്ലാം ലോകത്തിലെവിടെയായാലും ഓടിയെത്തി ഒത്തൊരുമയോടെ ദൈവാനുഗ്രഹങ്ങൾക്കു നന്ദിയർപ്പിക്കാനും അനുഗ്രഹം പ്രാപിക്കാനുമായി നോക്കിക്കാത്തിരിക്കുന്ന ദിനങ്ങളാണ് പുതുവത്സരത്തിലെ രാക്കുളിനാളുകൾ. ഭക്തിനിർഭരവും ആഘോഷപൂർണവുമായ തിരുനാൾപ്രദക്ഷിണവും പ്രസിദ്ധമായ മലയുന്തും ചടുലമായ ശിശുവധ ആവിഷ്കാരവും പരമ്പരാഗതമായ രാക്കുളിയും ഇവരുടെ കൂടിവരവിന് ആവേശവും ഊഷ്മളതയും നല്കുന്നു. ഈ വർഷം ജനുവരി ഒന്നുമുതൽ ഏഴുവരെ തീയതികളിലാണ് തിരുനാൾ ആഘോഷിക്കുന്നത്. ജനുവരി 4,5,6 തീയതികളിലാണ് പ്രധാന തിരുനാൾ.

'ദനഹാ' എന്ന നാമത്തിന് ഉദയം, പ്രകാശം, പ്രത്യക്ഷീകരണം എന്നൊക്കെ അർഥമുണ്ട്. രാജാക്കന്മാരുടെ ജീവിതത്തിലെ ജനനം, കിരീടധാരണം, ഔദ്യോഗികസന്ദർശനംപോലുള്ള സംഭവങ്ങളെ സൂചിപ്പിക്കാൻ ഈ വാക്ക് ഉപയോഗിച്ചിരുന്നു. ദനഹാത്തിരുനാൾ എപ്പിഫനി, രാക്കുളി, പിണ്ടികുത്തിത്തിരുനാൾ എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. തിരുനാളിന്റെ തലേദിവസം രാത്രിയിൽ കത്തിച്ച ദീപവുമേന്തി പ്രദക്ഷിണമായി അടുത്തുള്ള പുഴയിൽ കുളിക്കുന്ന ഒരു പതിവ് നമ്മുടെ പഴമക്കാർക്കുണ്ടായിരുന്നു. ആയതിനാൽ, ഈ തിരുനാൾ 'രാക്കുളി' എന്നും അറിയപ്പെട്ടു.



മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാധ്യക്ഷൻ



മാർ ജോസഫ് പള്ളിക്കാപറമ്പിൽ
പാലാ രൂപത മുൻ അധ്യക്ഷൻ

യോർദാൻനദിയിൽവച്ച് സ്നാപകയോഹന്നാനിൽനിന്ന് ഈശോ മാമ്മോദീസാ സ്വീകരിക്കുന്നതും തദവസരത്തിലുള്ള പരിശുദ്ധാത്മാവിന്റെ ആവാസവും പിതാവായ ദൈവത്തിന്റെ 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു, ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു' എന്നുള്ള ഈശോയെക്കുറിച്ചുള്ള വെളിപ്പെടുത്തലുമാണ് ദനഹാത്തിരുനാളിൽ പൗരസ്ത്യസഭകൾ അനുസ്മരിക്കുന്നത്. കിഴക്കുനിന്നുവന്ന ജ്ഞാനികൾ, അദ്ഭുതനക്ഷത്രത്താൽ അനുഗൃഹീതരായി ബത്‌ലഹേമിലെ പുൽക്കൂട്ടിൽവന്ന് ഉണ്ണീശോയെ സന്ദർശിച്ച്, ആരാധിച്ച്, കാഴ്ചകൾ സമർപ്പിക്കുന്നതുമായ സംഭവമാണ് പാശ്ചാത്യർ അനുസ്മരിക്കുന്നത്. തനതായ ഈ രണ്ടു പാരമ്പര്യങ്ങളിലുമുള്ള ഈശോയുടെ ദൈവത്വം വെളിപ്പെടുത്തുന്നതിന്റെ അനുസ്മരണവും ആചരണവും ആഘോഷവും പാലായിലെ ദനഹാത്തിരുനാളിലുണ്ട്.

സ്വർഗവും ഭൂമിയും തമ്മിൽ വിച്ഛേദിക്കപ്പെട്ട ബന്ധം മാമ്മോദീസായിലൂടെ ഈശോയിൽ പുനഃസ്ഥാപിക്കപ്പെടുകയാണ്. രക്ഷാകരയുഗത്തിന്റെയും ദൈവിക ഇടപെടലിന്റെയും മഹനീയവും ശ്രേഷ്ഠവുമായ ചരിത്രസംഭവമാണ് ഈശോയുടെ ജ്ഞാനസ്നാനം. പുൽക്കൂട്ടിലെ ശിശുവിന്റെ ദൈവത്വം വെളിപ്പെടുത്തുകകൂടിയാണ് ഈശോയുടെ മാമ്മോദീസാ. മനുഷ്യകുലത്തിന്റെ പാപങ്ങൾക്കുവേണ്ടി മരണം സ്വീകരിക്കാനുള്ള സന്നദ്ധതയാണ് ഈശോയുടെ മാമ്മോദീസാ. ഈശോ തന്റെ പ്രഭാഷണത്തിൽ തന്റെ മരണത്തെ സൂചിപ്പിക്കാൻ 'മാമ്മോദീസാ' എന്ന പദം ഉപയോഗിക്കുന്നു. ഈശോ തന്റെ മാമ്മോദീസായെ, കുരിശിലെ തന്റെ മരണത്തെ മുൻകൂട്ടി കണ്ടു. അതുപോലെ, സ്വർഗത്തിൽനിന്നുള്ള സ്വരം, ഉത്ഥാനത്തിന്റെ മുന്നാസ്വാദകപ്രഖ്യാപനവുമായിരുന്നു. ഇതിനിടയിലാണ് ഈശോയുടെ പരസ്യജീവിതം (മർക്കോ. 10:38, ലൂക്കാ 12:50). മരണത്തെ മുൻകൂട്ടി കാണുന്ന ഇടംതന്നെയാണ്, നാം അവനോടൊപ്പം ഉയിർപ്പിക്കപ്പെടാനുള്ള ഇടവും.

► 8

# കൃപയുടെ ദനഹാത്തിരുനാൾ



പാലാ (വലിയ പള്ളി) കത്തീദ്രൽ

*ഒന്നാംപേജ് തുടർച്ച*

ക്രൈസ്തവമാമ്മോദീസാ ഈശോയുടെ യോർദാനിലെ മാമ്മോദീസായുടെ സംഭവത്തിലേക്കു പോകാനുള്ള ക്ഷണമാണ്.

ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം മാമ്മോദീസായാണ്. ആത്മീയജീവിതത്തിലേക്കു പ്രവേശിക്കാനും മറ്റു കൂദാശകളെ സമീപിക്കാനുമുള്ള വാതിലാണത്. സഭാപിതാവായ ഗ്രിഗറി നസിയാൻസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "ജ്ഞാനസ്നാനം ദൈവത്തിന്റെ ദാനങ്ങളിൽ ഏറ്റവും മനോഹരവും മഹത്തരവുമായ കൂദാശകളിൽ ഒന്നാണ്. നാം അതിനെ ദാനം, കൃപാവരം, അഭിഷേകം, ജ്ഞാനോദ്ദീപനം, അമർത്ത്യതയുടെ വസ്ത്രം, പുനർജീവിതത്തിന്റെ സ്നാനം, മുദ്ര എന്നിങ്ങനെ ഏറ്റവും വിലപ്പെട്ട നാമംകൊണ്ടു വിളിക്കുന്നു. ദാനമെന്നു പറയാൻ കാരണം സ്വന്തമായി ഒന്നും കൊണ്ടുവരാത്തവർക്കാണു ജ്ഞാനസ്നാനം നല്കപ്പെടുന്നത്. കൃപാവരം എന്നു പറയാൻ കാരണം, പാപിക്ക് ഈ കൂദാശ നല്കപ്പെടുന്നു. ജ്ഞാനത്തിന്റെ സ്നാനം എന്നു വിളിക്കുന്നത് പാപം ജലത്തിൽ സംസ്കരിക്കപ്പെട്ട പുതിയ മനുഷ്യനായി ത്തീരുന്നതുകൊണ്ടാണ്. അഭിഷേകം എന്നു വിളിക്കുന്നത് രാജാവും പുരോഹിതനും പ്രവാചകനുമായ ഈശോയുടെ ത്രിവിധ ദൗത്യത്തിൽ അർഥി അഭിഷേകം ചെയ്യപ്പെടുന്നതുകൊണ്ടുമാണ്. അമർത്ത്യതയുടെ വസ്ത്രമാണത്. കാരണം, അതു നമ്മുടെ ലജ്ജയെ മറയ്ക്കുന്നു. മുദ്രയാകാൻ കാരണം അതു നമ്മുടെ സംരക്ഷണവും കർത്തൃത്വത്തിന്റെ അടയാളവുമാണ്."



പഴയ വലിയ പള്ളി

മാമ്മോദീസാ ഈശോയിലുള്ള പുതിയ ജീവിതമാണ്. സീറോമലബാർ സഭയുടെ ആരാധനക്രമവത്സരത്തിലെ 'ദനഹാക്കാലം' എന്ന പ്രത്യേക ആരാധനക്രമകാലം മാമ്മോദീസായിലൂടെ ലഭിക്കുന്ന ക്രൈസ്തവ അസ്തിത്വവും വ്യക്തിത്വവും ഈശോയ്ക്കു സാക്ഷ്യം നൽകേണ്ട ജീവിതമാണ് എന്നു സഭാതനയരെ ഓർമിപ്പിക്കുകയാണ്. അതോടൊപ്പം, ധീരവും വിശുദ്ധവുമായ വിശ്വാസജീവിതം നയിച്ച സ്നാപകയോഹന്നാൻ, രക്തസാക്ഷികൾ, ശ്ലീഹന്മാർ, സുവിശേഷകന്മാർ, സഭാപിതാക്കന്മാർ, മല്പാന്മാർ എന്നിവരുടെ ഓർമദിനങ്ങൾ നമ്മെ കൂടുതൽ ഉത്തമക്രൈസ്തവജീവിതം നയിക്കാൻ പ്രചോദിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്നു.

മാമ്മോദീസായിലൂടെ ലഭിച്ച ക്രൈസ്തവ അസ്തിത്വത്തെയും വ്യക്തിത്വത്തെയും നന്ദിയോടെ സ്മരിച്ച് പ്രശോഭിതവും ധീരവും ഉത്തമവുമായ വിശ്വാസജീവിതത്തിന് അനുഗ്രഹമാകാൻ ഈ ദനഹ (രാക്കുളി) തിരുനാളിലേക്ക് ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.



ഫാ.ജോർജ്
ഒഴുകയിൽ
(അസി.വികാരി)



ഫാ.സെബാസ്റ്റ്യൻ
ആലപ്പാട്ടു കോട്ടയിൽ
(അസി.വികാരി)



ഫാ.ജോൺ കണ്ണന്താനം
അധ്യാപകൻ
(സെന്റ് തോമസ്
എച്ച്.എസ്.എസ്.പാലാ)

## തിരുനാൾ കാര്യപരിപാടികൾ

### 2024 ജനുവരി 05 വെള്ളി

| | | |
|---|---|---|
| 5.30 am | : | വി. കുർബാന, ദിവ്യകാരുണ്യ ആരാധന |
| 6.45 am | : | ആഘോഷമായ വി. കുർബാന, ലദീഞ്ഞ് |
| 2.30 pm | : | വാദ്യമേളങ്ങൾ |
| 3.00 pm | : | സായാഹ്നപ്രാർഥന (റംശ) തിരുസ്വരൂപങ്ങളുടെ പ്രതിഷ്ഠ |
| 4.15 pm | : | വാദ്യമേളങ്ങൾ (ടൗൺ കുരിശുപള്ളിയിൽ) |
| 4.30 pm | : | പൂജ്യ രാജാക്കന്മാരുടെ തിരുസ്വരൂപം ടൗൺകുരിശുപള്ളിയിൽ പ്രതിഷ്ഠിക്കുന്നു |
| 5.00 pm | : | ആഘോഷമായ വി. കുർബാന (ടൗൺ കുരിശുപള്ളിയിലെ നിത്യാരാധനാചാപ്പലിൽ) റവ. ഫാ. റൂബിൻ പൊടിമറ്റം SDB |
| 6.00 pm | : | ലദീഞ്ഞ്, പ്രദക്ഷിണം (കത്തീദ്രലിലേക്ക്) |
| 7.15 pm | : | തിരുനാൾ സന്ദേശം (റവ.ഫാ.ജോർജ് പറമ്പിത്തടത്തിൽ) |
| 7.30 pm | : | പ്രദക്ഷിണം തുടരുന്നു |
| 7.50 pm | : | പ്രദക്ഷിണസമാപനം, ആശീർവാദം |
| 8.00 pm | : | നാടകം - ജീവിതം സാക്ഷി അവതരണം (പാലാ കമ്മ്യൂണിക്കേഷൻസ്) |

### 2024 ജനുവരി 06 ശനി

പ്രധാന തിരുനാൾ ദിനം

| | | |
|---|---|---|
| 5.30 am | : | ആഘോഷമായ വി. കുർബാന, സന്ദേശം |
| 9.00 am | : | വാദ്യമേളങ്ങൾ |
| 9.25 am | : | പ്രസുദേന്തി സംഗമം, സമർപ്പണപ്രാർത്ഥന |
| 10.00 am | : | ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം മാർ ജോസഫ് കല്ലറങ്ങാട്ട് |
| 3.00 pm | : | ചെണ്ടമേളം, ബാന്റുമേളം |
| 4.00 pm | : | ആഘോഷമായ വി. കുർബാന, സന്ദേശം |
| 5.15 pm | : | ആഘോഷമായ തിരുനാൾ പ്രദക്ഷിണം ചരിത്രപ്രസിദ്ധമായ മലയുന്തും ശിശുവധആവിഷ്കാരവും |
| 8.00 pm | : | പ്രദക്ഷിണസമാപനം, തിരുശ്ശേഷിപ്പ് വന്ദനം |
| 8.15 pm | : | രാക്കുളി (മാമ്മോദീസായുടെ അനുസ്മരണം) |






# രാക്കുളിയുടെ കുളിരോർമയിൽ





ജോണി തോമസ്
മണിമല

ചെവിയോർത്താൽ ഇപ്പോഴും കേൾക്കാവുന്നതേയുള്ളൂ അന്നത്തെ കതിനാമുഴക്കങ്ങൾ! പത്തമ്പതു കൊല്ലം മുമ്പത്തെ കഥയാണ്. ഇന്നു കാണുന്ന വലിയ പള്ളിയൊക്കെ ഉരുവാകും മുമ്പത്തെ കാലം. ഏതെങ്കിലും വർഷം 'രാക്കുളി' മുടങ്ങിയാൽ എന്തോ തെറ്റു ചെയ്തതുപോലാണ്. ഒരു കുറ്റബോധം. അതോ നഷ്ടബോധമോ? കാരണവന്മാർ അന്തിയുറങ്ങുന്ന പള്ളിയാണ്. പോയേതീരൂ.

കണ്ണാടിയുറുമ്പുകുന്നിറങ്ങുമ്പോഴേ കേൾക്കാം, ചെണ്ടക്കാർ തീർക്കുന്ന താളപ്പെരുക്കങ്ങളുടെയും ബാന്റുകാർ സൃഷ്ടിക്കുന്ന മന്ദ്രമധുരമായ ഈണങ്ങളുടെയും മാറ്റൊലികൾ. അവ ആരോഹണങ്ങളും അവരോഹണങ്ങളുമായി അന്തരീക്ഷത്തിലൂടെ ഇടകലർന്ന് ഒഴുകിയെത്തും. അന്നത്തെ വായുവിന് ഓറഞ്ചിന്റെയും ഉഴുന്നാടയുടെയും ഈന്തപ്പഴത്തിന്റെയും സമ്മിശ്രഗന്ധമാണ്. പള്ളിമുറ്റമെത്തിയാൽ അതിലേക്കു വെടിമരുന്നിന്റെ പുകമണവുംകൂടി അലിഞ്ഞുചേരുന്നു.

അപ്പന്റെ അല്ലെങ്കിൽ അമ്മയുടെ കൈപിടിച്ച് ഒരു പക്ഷേ, പ്രദക്ഷിണത്തിന്റെ പാതിവഴിയിലാവും ചെന്നെത്തുക. പള്ളിനടമുകളിൽ നിന്നുള്ള അന്നത്തെ പെരുന്നാൾകാഴ്ചകൾ ഇന്നും മനസ്സിൽ പച്ചകെടാതെ നില്ക്കുന്നു. വെള്ളിമേഘങ്ങൾ നിറഞ്ഞ നീലാകാശത്തിനു കീഴിൽ, തിളയ്ക്കുന്ന തീവെയിലിൽ ഇരമ്പുന്ന പതിനായിരങ്ങൾ! കൊട്ടിത്തകർക്കുന്ന ചെണ്ടയുടെയും ബാന്റിന്റെയും പ്രചണ്ഡമായ ശബ്ദഘോഷത്തിൽ പള്ളിയുടെ വെള്ളച്ചുമരുകൾ വെട്ടിവിറയ്ക്കുന്നതുപോലെ തോന്നും. ചെണ്ടക്കാരുടെ കഴുത്തിൽ, കറുത്ത മണികൾ കോർത്ത, മണ്ഡലനോമ്പിന്റെ മാലകൾ ഇളകിയാടുന്നു. ആവേശം ക്ലാരനറ്റുകാരുടെ കവിളുകളെ ഒരു മൺകുടമാക്കി ഉയർത്തുന്നു. ഇളങ്കാറ്റിലിളകുന്ന കണ്ണഞ്ചിക്കും അലുക്കുകളുമായി ഉയർന്നുതാഴുന്ന പൊൻ വെള്ളിക്കുരിശുകൾ... വർണാഞ്ചിതമായ പട്ടുകുടകൾ...

മലയുന്തിന്റെ മഹിമാവിലാണു രാക്കുളിത്തിരുനാളിന്റെ മതിപ്പുവില ഉയരുന്നത്. കിഴതടിയൂർക്കാരുടെ കരുത്താർന്ന കരങ്ങളിൽ പൊങ്ങിക്കിടന്നു മുന്നോട്ടും പിന്നോട്ടും നീന്തിത്തുടിക്കുന്ന 'മല!' അതു കാണേണ്ട കാഴ്ച തന്നെ! ഏറ്റവും മുമ്പിലെ വാപിളർന്നു നില്ക്കുന്ന കടുവയാണ് മലയുടെ മുഖ്യ ആകർഷണകേന്ദ്രം. കടുവയുടെ വായിൽ കോർത്ത ചരടിൽ ഇളകിയാടുന്ന മേല്ക്കട്ടി. മേല്ക്കട്ടിയുടെ തുഞ്ചിയിലുണ്ട് വഴികാട്ടിയായ നക്ഷത്രം. അതിനു പിന്നിൽ സ്വർഗപിതാവിനെ നടുവിലാക്കി ചുറ്റും നിരന്നിരിക്കുന്ന മാലാഖക്കുഞ്ഞുങ്ങൾ. തൊട്ടുതാഴെയുണ്ട് മംഗളവാർത്തയുമായി ഗബ്രിയേൽ. മലയുന്തിന്റെ കൊട്ടിക്കലാശത്തിലും അടിവാരത്തെ തിരുക്കുടുംബം ആടുമാടുകളോടൊപ്പം അചഞ്ചലരായി നിലകൊണ്ടു. വൈകിട്ട് വീട്ടിലെ പെണ്ണുങ്ങൾക്കും ബന്ധുമിത്രാദികൾക്കുമൊപ്പം, കള്ളപ്പത്തിന്റെയും കറിയുടെയും മുന്നിലിരിക്കുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്: ഇക്കൊല്ലത്തെ മലയുന്ത് എങ്ങനെയിരുന്നു?

ഇന്നത്തെ രാക്കുളിയുടെ ഗരിമ എത്രത്തോളമെന്നറിയില്ല. അന്ന് ഒരു പ്രദേശത്തെയാകെ പാലാപ്പള്ളി അതിന്റെ തിരുമുറ്റത്തേക്കു മാടിവിളിച്ചു. കുരിശിൻതൊട്ടിയിലെ വിശാലമായ പച്ചപ്പുൽത്തകിടി ഒരു തുറന്ന കമ്പോളമായി നാനാജാതിമതസ്ഥരെയും വരവേല്ക്കാൻ കൈവിരിച്ചുനിന്നു. ഒരാഴ്ച മുമ്പേ സോപ്പുചീപ്പുകണ്ണാടികളുമായി വച്ചുവാണിഭക്കാർ പള്ളിമുറ്റം കൈയടക്കും.ബാലികമാർക്കും പെൺകൊടികൾക്കും കൈവളയിട്ടും കലപിലവച്ചും കൈകൊട്ടിയും പകലിരവുകൾ അവർ മത്സരിച്ചുനിന്നു. കരഗതമായ കളിവണ്ടി കൈവെള്ളയിലുരുട്ടി കളിക്കൂട്ടു തേടുന്ന കുട്ടികൾ. കൈവശപ്പെടുത്താൻ അത്രയൊന്നും എളുപ്പമല്ലാത്ത സമ്പന്നമായ കളിത്തോക്കുകളിലാണ് ചിലരുടെ കണ്ണുകൾ. വീട്ടമ്മമാർ സോപ്പിനും ചീപ്പിനും കണ്ണാടിക്കുമായി തിരക്കുകൂട്ടി. പശപ്പൊട്ടിന്റെയും ചാന്തുപൊട്ടിന്റെയും വ്യാമുഗ്ദ്ധമായൊരു ഗന്ധം അവിടമാകെ അലയടിച്ചുനിന്നിരുന്നു. അവ ചിലപ്പോഴെല്ലാം കുന്തിരിക്കപ്പുകയും വെടിപ്പുകയുമായിച്ചേർന്ന് പുതിയ ഗന്ധങ്ങൾ സൃഷ്ടിച്ചു.

രാക്കുളിത്തിരുനാളിലെ ഒരു സവിശേഷക്കാഴ്ചയായിരുന്നു, പള്ളിനടകളുടെ ഇരുവശത്തുമായി താഴേക്കു പ്രത്യക്ഷപ്പെട്ടിരുന്ന കൊല്ലപ്പണിക്കാരുടെ നീണ്ടനിര. പിച്ചാത്തിയും അരിവാളും വെട്ടുകത്തിയുമായി അവർ സന്തോഷത്തോടും സ്വാതന്ത്ര്യത്തോടും കൂടി അവിടെ വാണു. ആവശ്യക്കാർക്കു മുമ്പിലും അല്ലാതെയും അവർ അരിവാളുകൾ അനവരതം രാകിക്കൂട്ടി. അവർക്കിടയിലെ തെളിച്ചിട്ട ഒറ്റയടിപ്പാതയിലൂടെ ആളുകൾ തിരക്കിട്ടു; വൈദികരും തിരുനാൾ കമ്മിറ്റിക്കാരും ഓടിക്കയറി. പോയകാലത്തിന്റെ വ്യസനങ്ങളും വരുംകാലത്തിന്റെ പ്രതീക്ഷകളുമായി 'ഉഴുന്നാടച്ചേടത്തിമാർ' ശ്രദ്ധയോടെ നടയിറങ്ങി. വെളിച്ചമെല്ലാമണച്ച് ആലപ്പി തിയേറ്റേഴ്സിന്റെയും കൊല്ലം അസ്സീസിയുടെയും മറ്റും ചരിത്രനാടകങ്ങൾ അരങ്ങേറുമ്പോൾ, അതിൽനിന്നെല്ലാമൊഴിഞ്ഞ് നീലരാവിന്റെ നിഴലിൽ, മെഴുതിരിവെട്ടത്തിൽ അവർ വിഷാദിച്ചിരുന്നു. ആറ്റിറമ്പിലെ സ്റ്റേജിൽ കുഞ്ഞിപ്പൈതങ്ങളുടെ കൂട്ടക്കരച്ചിലുമായി ശിശുവധപ്രദർശനം ഉദ്വേഗജനകമായി അരങ്ങേറുമ്പോഴും മാലപ്പടക്കങ്ങൾ ഉച്ചസ്ഥായിയിൽ ഉയർന്നുപൊട്ടുമ്പോഴും അവർ അങ്ങനെതന്നെ എന്തെല്ലാമോ ഓർത്തിരുന്നു.

ഇതൊക്കെയാണെങ്കിലും പൊതുവെ പ്രസന്നരായിരുന്നു ബലൂൺകച്ചവടക്കാർ. പല തരത്തിലും നിറത്തിലുമുള്ള ബലൂണുകളുടെയും കാറ്റാടികളുടെയും ഈറക്കുഴൽപീപ്പികളുടെയും വൻചുമടുമായി അവർ പള്ളിമുറ്റത്തെ വർണാഭമാക്കി.

പോക്കറ്റിന്റെ കനമനുസരിച്ച്, വെറും പച്ചവെള്ളത്തിലും സോഡയിലും നാരങ്ങാവെള്ളത്തിലും മോരിലും സ്ക്വാഷിലും സർബത്തിലും ദാഹം തീർത്ത് തീർഥാടകർ ഉച്ചവെയിലിലിലും അന്തമില്ലാതെ അലഞ്ഞു. ഇതിനെല്ലാമിടയിലൂം തഴപ്പായിൽ തടുത്തുകൂട്ടിയ ഈന്തപ്പഴക്കൂനമേൽ വലിയ ഈച്ചകൾ വട്ടമിട്ടു പറന്നുകൊണ്ടേയിരുന്നു.

പള്ളിമുറ്റത്തുനിന്നു നോക്കിയാൽ അക്കരെ, വിശാലമായ ആറ്റുംമണമ്മേൽ ചട്ടികളുടെയും വട്ടികളുടെയും പായകളുടെയും പനമ്പുകളുടെയും മറ്റും നീണ്ടനിര കാണാം. ഓരോന്നും ആവശ്യാനുസരണം വിലപേശി വാങ്ങി കൈയിലും കക്ഷത്തിലും തലയിലുമായി ഒതുക്കിപ്പിടിച്ചും അടുക്കിപ്പിടിച്ചും നടന്നുമറയുന്ന ചേട്ടന്മാരും ചേടത്തിമാരും. ഇനിയൊരു പെരുന്നാളിനു വരുമോ ഇല്ലയോ എന്നൊരു വിഷാദച്ഛവി ചിലരുടെയെങ്കിലും മുഖത്തുണ്ടായിരുന്നുവോ?

എന്തായാലും, പകൽച്ചൂടൊതുങ്ങിയ സന്ധ്യയിൽ, പെരുന്നാളിനു സമാപനം കുറിച്ചുകൊണ്ട്, പ്രദക്ഷിണവഴിയിലെ ആയിരക്കണക്കായ പുരുഷാരം ദൈവാലയത്തെ ചുറ്റും പൊതിഞ്ഞ് ഉച്ചത്തിൽ ശബ്ദമുഖരിതമാവുമ്പോൾ ഹൃദയം പെരുമ്പറ കൊട്ടും. മനസ്സ് ഏതോ ഭൂതകാലത്തിലലയും. എല്ലാറ്റിനുമൊടുവിൽ എന്തെങ്കിലുമൊന്നു വാങ്ങി സാവധാനം വീട്ടിലേക്കു മടക്കയാത്ര. വീട്ടിലെത്തിയാലും അന്നത്തെ കൊട്ടിന്റെയും പാട്ടിന്റെയും താളങ്ങളും ഈണങ്ങളും ശബ്ദമില്ലാത്ത മാറ്റൊലികളായി മനസ്സിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.

■



# ആചാരപ്പെരുമയുടെ



പഴയ വലിയപള്ളിയുടെ പിൻഭാഗം

ചരിത്രപ്രസിദ്ധമാണു രാക്കുളി(ദനഹാ)ത്തിരുനാൾ. പാലാ വലിയ പള്ളിയിൽ ജനുവരി അഞ്ച്, ആറ് തീയതികളിലായി കൊണ്ടാടുന്ന ഈ തിരുനാളിൽ നാടിന്റെ നാനാഭാഗത്തുനിന്നുമായി നാനാജാതിമതസ്ഥരായ പതിനായിരങ്ങൾ പങ്കുചേരുന്നു.

**ദനഹാത്തിരുനാൾ**

'എപ്പിഫനി' എന്ന പേരിലും ദനഹാ അറിയപ്പെട്ടിരുന്നു. 'ദനഹാ' സുറിയാനി പദവും, 'എപ്പിഫനി' ഗ്രീക്കിൽനിന്നുള്ള ഒരു ഇംഗ്ലീഷ്പദവുമാണ്. പ്രത്യക്ഷീകരണം, അഥവാ ഉദയം എന്നാണ് ഈ വാക്കുകളുടെ അർഥം. യേശു ജോർദാൻ നദിയിൽ വച്ച് വി. യോഹന്നാൻ മാംദാനായിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച അവസരത്തിൽ, പിതാവായ ദൈവം നടത്തിയ വെളിപ്പെടുത്തലാണ് പൗരസ്ത്യസഭയുടെ പാരമ്പര്യമനുസരിച്ച് രാക്കുളിത്തിരുനാളിൽ അനുസ്മരിക്കുന്നത്. പിതാവിന്റെ ശബ്ദമായും പുത്രന്റെ സാന്നിധ്യമായും പരിശുദ്ധറൂഹായുടെ ആവാസമായും പരിശുദ്ധത്രിത്വം വെളിപ്പെട്ടത് ഈശോയുടെ മാമ്മോദീസാവേളയിലാണല്ലോ. അതുപോലെ തന്നെ, ഈശോയുടെ ജ്ഞാനസ്നാനത്തെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ പൂർവികർ ആഘോഷമായ റംശാനമസ്കാരത്തിനുശേഷം സങ്കീർത്തനങ്ങളാലപിച്ചുകൊണ്ട് മീനച്ചിലാറ്റിൽ മുങ്ങിക്കുളിച്ചതിനുശേഷമാണ് തിരുനാൾച്ചടങ്ങുകളിൽ സംബന്ധിച്ചിരുന്നത്. ഈ ആചാരക്രമത്തിൽനിന്നാണ് രാക്കുളിത്തിരുനാൾ എന്ന പേരുകൂടി ഈ തിരുനാളിനു വന്നുചേർന്നത്. ഇപ്രകാരമുള്ള രാക്കുളിയാചരണം പിൽക്കാലത്ത് അന്യംനിന്നുപോയെങ്കിലും ഈ അടുത്തകാലത്ത് നമ്മുടെ പൂർവികരുടെ വിശ്വാസതീക്ഷ്ണതയെ മുറുകെപ്പിടിച്ചുകൊണ്ട് പ്രതീകാത്മകമായിട്ടാണെങ്കിലും ദനഹാത്തിരുനാളിനോടനുബന്ധിച്ച് രാക്കുളിയാചരണം നടത്തുന്നു എന്നതു ശുഭോദർക്കമായ കാര്യമാണ്.

ക്രിസ്തുവിന്റെ ജനനം രണ്ടാമതായി വെളിപ്പെടുത്തപ്പെട്ടത് വിജാതീയരായ ശാസ്ത്രജ്ഞർക്കാണല്ലോ. കിഴക്ക് ഒരദ്ഭുതനക്ഷത്രം ദർശിച്ചതിനെത്തുടർന്ന് ഇവരിൽ മൂന്നു വിജ്ഞാനികൾ ആ നക്ഷത്രത്തെ നോക്കി ബത്‌ലഹേമിലെത്തി, ദിവ്യശിശുവിനു പൊന്നും മീറയും കുന്തിരിക്കവും തിരുമുൽക്കാഴ്ച സമർപ്പിച്ചതിന്റെ അനുസ്മരണവും പുരാതനകാലംമുതൽ രാക്കുളിത്തിരുനാളിൽ നടത്തപ്പെടുന്നു.

രാക്കുളിത്തിരുനാൾദിനം ജനസഹസ്രങ്ങൾ ഈ ദൈവാലയത്തിൽവന്ന്, കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചു പ്രാർഥിക്കുകയും പൂർണദണ്ഡവിമോചനം പ്രാപിക്കുകയും വി. തോമ്മാശ്ലീഹായോടു മാധ്യസ്ഥ്യം തേടി, നേർച്ചകാഴ്ചകൾ അർപ്പിച്ചു സംതൃപ്തരായി മടങ്ങിപ്പോവുകയും ചെയ്യുന്നു. ആന്തരികമായ ഈ ഭാവത്തോടൊപ്പം, ബാഹ്യമായ ധാരാളം ആഡംബരങ്ങളും തിരുനാളിനെ ചൈതന്യവത്താക്കി.

വൈദ്യുതവിളക്കുകൾ ഇല്ലായിരുന്ന കാലത്ത് മെഴുകുതിരിയും വർണക്കടലാസുമുപയോഗിച്ചു നടത്തിയിരുന്ന ദീപക്കാഴ്ചയുടെ ഭംഗി അവർണനീയമായിരുന്നുവെന്നാണു പഴമക്കാർ പറയുന്നത്. രാക്കുളിത്തിരുനാളിനോടനുബന്ധിച്ചുള്ള പ്രൗഢഗംഭീരമായ പ്രദക്ഷിണങ്ങൾ വളരെ പ്രസിദ്ധമാണ്. ജനുവരി അഞ്ചാം തീയതി വൈകുന്നേരം പാലാ ടൗൺകപ്പേളയിൽനിന്നാരംഭിക്കുന്ന പ്രദക്ഷിണം കിഴക്കുനിന്നുള്ള മൂന്നു രാജാക്കന്മാരുടെ ബേത്‌ലഹേമിനെ ലക്ഷ്യംവച്ചുള്ള പുറപ്പാടിനെ സൂചിപ്പിക്കുന്നു. ഈ രാത്രികാലപ്രദക്ഷിണത്തിൽ ഉപയോഗിച്ചിരുന്ന 'തീവെട്ടി'കളുടെ അവശിഷ്ടങ്ങൾ ഇന്നും പള്ളിയറയിൽ കാണപ്പെടുന്നുണ്ട്.

പള്ളിയിൽനിന്നു പുറത്തിറങ്ങുന്ന വേളയിലെല്ലാം വി. തോമ്മാശ്ലീഹായുടെ രൂപത്തിനു മുമ്പിൽ കോലുവിളക്ക് പിടിക്കുന്ന പാരമ്പര്യം ഉണ്ടായിരുന്നത് ഇന്നും തുടർന്നുപോരുന്നു.

മൂന്നു രാജാക്കൾക്കു വഴി കാണിച്ച നക്ഷത്രത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഇപ്പോഴത്തെ പുതിയപള്ളിയുടെ സ്ഥാനത്ത് അന്നുണ്ടായിരുന്ന രാജാക്കളുടെ പള്ളിയിൽനിന്ന് പഴയ പള്ളിയുടെ മുൻവശത്തുള്ള കൊടിമരത്തിലേക്കു പള്ളിമേടയ്ക്കു സമാന്തരമായി വലിച്ചുകെട്ടിയ കമ്പികളിൽക്കൂടി നീങ്ങിക്കൊണ്ടിരിക്കുന്ന 'നക്ഷത്രം' കുട്ടികളുടെമാത്രമല്ല മുതിർന്നവരുടെയും പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

**മലതള്ളൽ**

രാക്കുളിത്തിരുനാളിന്റെ പെരുമയും കീർത്തിയും വെളിവാക്കുന്ന ഒരു അനുഷ്ഠാനമാണ് മലയുന്ത് അഥവാ മലതള്ളൽ. നിർദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന രൂപങ്ങളോടുകൂടിയ ഈ മല വളരെ കമനീയവും 1833 ൽ കട്ടക്കയത്തിൽ ബഹു. യൗസേപ്പ് മല്പാനച്ചൻ വികാരിയായിരുന്ന കാലത്തു നിർമിച്ചതുമാണ്. ബൈബിളിലെ പല കാര്യങ്ങളും സൂചിപ്പിക്കുന്ന നിരവധി ചിത്രീകരണങ്ങളുള്ള ഈ ബേത്‌ലഹേം മലയിൽ വായും പിളർന്നു നിൽക്കുന്ന കടുവയെയാണ് ഏറ്റവും മുമ്പിൽ കാണുന്നത്. ദിവ്യ ഉണ്ണിയും വിശുദ്ധ

## ശിശുവധ ആവിഷ്കാരം

ഈശോയ്ക്കുവേണ്ടി ഹോറോദേസിന്റെ ഭടന്മാരുടെ വാളിനിരയാകേണ്ടിവന്ന നിർമലരും വിശുദ്ധരുമായ പൈതങ്ങളോടുള്ള പ്രാർഥനാമഞ്ജരിയായിക്കൂടിയാണ് രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് ശിശുവധ ആവിഷ്കാരം നടത്തുന്നത്. ഹേറോദേസ് നടത്തിയ അതിക്രൂരമായ ശിശുഹത്യയുമായി ബന്ധപ്പെട്ട വിവിധ ദൃശ്യങ്ങൾ നൂറ്റാണ്ടുകളായി തിരുനാൾദിനത്തിൽ അവതരിപ്പിച്ചുവരുന്നു. ലോകത്തു മറ്റൊരിടത്തും ഇപ്രകാരമൊരു പ്രദർശനം നടക്കുന്നില്ല എന്നത് രാക്കുളിത്തിരുനാളിന്റെ അനന്യതയെ സൂചിപ്പിക്കുന്ന ഒന്നാണ്.



ശിശുവധത്തിലെ ഒരു രംഗം



# ആഘോഷവഴികൾ

യൗസേപ്പും പരിശുദ്ധ കന്യകാമറിയവും മാലാഖാമാരും മൂന്നു രാജാക്കളും ഇടയന്മാരും ആടുകളും മൃഗങ്ങളും സൃഷ്ടിയുടെ പുസ്തകത്തിൽ പറയുന്ന വിലക്കപ്പെട്ട കനിയും എല്ലാം ഇതിൽ കമനീയമായി സംവിധാനം ചെയ്തിരിക്കുന്നു. പൂജരാജാക്കൾക്കു വഴികാട്ടിയ നക്ഷത്രം മലയുടെ മേല്ക്കട്ടിയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ മല, പ്രധാന തിരുനാൾദിനമായ ആറാം തീയതിയിലെ പ്രദക്ഷിണത്തിൽ പതിനായിരങ്ങളെ സാക്ഷിയാക്കി മുന്നോട്ടും പിന്നോട്ടും വേഗത്തിൽ തള്ളി നടത്തുന്ന അനുഷ്ഠാനത്തിനാണ് മലയുന്ത് എന്നു പറയുന്നത്. അതിലെ തിക്കും തിരക്കും ഭക്തജനങ്ങളിൽ ആവേശം നിറയ്ക്കുന്നു.

പാലാപ്പള്ളിയിലെ ചരിത്രപ്രസിദ്ധമായ രാക്കുളിപ്രദക്ഷിണത്തിൽ രൂപങ്ങൾ എടുക്കേണ്ടത് ഓരോരോ കരക്കാരാണ്. ഈ പതിവ് ഇന്നും തുടർന്നുപോരുന്നു. കിഴതടിയൂർ കരക്കാരാണ് ഭാരം മുറ്റിയ മലയെടുക്കുന്നത്.

### മജിസ്ട്രേറ്റ് കോടതി

രാക്കുളിത്തിരുനാൾദിനം പാലാ മജിസ്ട്രേറ്റ് കോടതിയും നിയമപാലനവകുപ്പും പള്ളി മൈതാനിയിലുള്ള വാദ്യപ്പുരയിൽ പ്രവർത്തിച്ചിരുന്നു എന്നാണു ചരിത്രം. ഇത് തിരുനാളിന്റെ പൂർവകാലപ്രൗഢി വിളിച്ചോതുന്നു.

### പള്ളിമുറ്റത്തെ വ്യാപാരം

പുരാതനകാലങ്ങളിൽ ഒരു വർഷത്തെ ആവശ്യത്തിനുള്ള വസ്ത്രം, വീട്ടുപകരണങ്ങൾ, കാർഷികോപകരണങ്ങൾ, നടീൽവിത്തുകൾ, വളർത്തുമൃഗങ്ങൾ തുടങ്ങിയവയെല്ലാം രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് പള്ളിമുറ്റത്തു താത്കാലികമായി ഉണ്ടാക്കുന്ന കടകളിൽനിന്നാണ് ജനങ്ങൾ വാങ്ങിയിരുന്നത്. രാക്കുളിത്തിരുനാൾ കഴിഞ്ഞാലും പ്രധാനപ്പെട്ട കടകളെല്ലാം ഫെബ്രുവരി രണ്ടാം തീയതിയിലെ ദർശനത്തിരുനാൾവരെ തുടർന്നും പ്രവർത്തിച്ചുകൊണ്ടിരുന്നു. ശബരിമലതീർഥാടകരായ അയ്യപ്പന്മാർ അവർക്കാവശ്യമുള്ള കമ്പിളി മുതലായ സാധനങ്ങൾ വാങ്ങിയിരുന്നത് ഇവിടെനിന്നാണ്.

### പ്രദക്ഷിണ വഴികൾ

അഞ്ചാം തീയതി അഞ്ചുമണിക്ക് ടൗൺ പള്ളിയിൽ അർപ്പിക്കപ്പെടുന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്കും ലദീഞ്ഞിനുംശേഷം പ്രദക്ഷിണം ആരംഭിക്കുന്നു. ദിവ്യനക്ഷത്രം കണ്ടു കിഴക്കുനിന്നു വന്ന പൂജരാജാക്കന്മാരുടെ ബത്ലഹേമിലേക്കുള്ള യാത്രയെ അനുസ്മരിപ്പിച്ചുകൊണ്ട്, പൂജരാജാക്കന്മാരുടെ തിരുസ്വരൂപങ്ങൾ ആഘോഷപൂർവം വഹിച്ചു നീങ്ങുന്ന പ്രദക്ഷിണം സെന്റ് തോമസ് ചാപ്പലിലെത്തി തിരികെ പി.പി. റോഡുവഴി വായനശാല ജംഗ്ഷനിലെത്തി വലത്തോട്ടുനീങ്ങി കത്തീഡ്രലിന്റെ പ്രവേശനകവാടം കടന്നു കൽക്കുരിശിന്റെ സമീപത്തെത്തുന്നു. ഒപ്പംതന്നെ പഴയപള്ളിയിൽനിന്ന് ഇടവകമധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുസ്വരൂപവും എതിരേല്പിനായി കൽക്കുരിശിനു മുമ്പിലെത്തുന്നു.

ഇരുരൂപങ്ങളും മൂന്നുപ്രാവശ്യം ഉയർത്തിത്താഴ്ത്തി ആദരവു നല്കുന്നു. തുടർന്ന്, തിരുനാൾ സന്ദേശം. അതേത്തുടർന്ന് പുതിയ പള്ളിയിൽനിന്ന് ഈശോയുടെ മാമ്മോദീസായുടെ തിരുസ്വരൂപം സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ആരംഭിക്കുന്നു. പ്രദക്ഷിണം കുരിശിൻതൊട്ടിയിലെത്തി കുരിശിനു വന്ദനം അർപ്പിച്ച് പുതിയ പള്ളി ചുറ്റി മുമ്പിലെത്തിക്കഴിയുമ്പോൾ പഴയപള്ളിയിൽനിന്നുള്ള പ്രദക്ഷിണം പഴയപള്ളിയിലേക്കു തിരികെ പ്രവേശിക്കുന്നതോടെ തലേദിവസത്തെ പ്രദക്ഷിണം സമാപിക്കുന്നു.



ചരിത്രപ്രസിദ്ധമായ 'മലയുന്ത്'

### ആഘോഷമായ തിരുനാൾ പ്രദക്ഷിണം

പ്രധാന തിരുനാൾ ദിവസമായ ആറാം തീയതി ഉച്ചകഴിഞ്ഞ് അഞ്ചേകാലിനാണ് പ്രധാന തിരുനാൾപ്രദക്ഷിണം ആരംഭിക്കുന്നത്. ചരിത്രപ്രസിദ്ധമായ മലയുന്തും ശിശുവധം ആവിഷ്കാരവും ഇതിൽ അരങ്ങേറുന്നു. പൂജരാജാക്കന്മാരുടെ തിരുസ്വരൂപങ്ങൾ പുതിയ പള്ളിയിൽനിന്നു പഴയ പള്ളിയിലെത്തി പുൽക്കൂടിന്റെ പ്രതീകമായ മലയെ ആചാരം ചെയ്ത് ആരംഭിക്കുന്ന പ്രദക്ഷിണം പുതിയപള്ളി ചുറ്റി മുൻവശത്തുള്ള നടയിറങ്ങി പാരിഷ്ഹാളിന്റെ തെക്കുവശത്തുള്ള റോഡിലൂടെ കൽക്കുരിശു ചുറ്റി കുരിശുവന്ദനം നടത്തി പഴയ പള്ളിയിലെത്തുന്നു. പഴയപള്ളിയിലെ ആഘോഷമായ ലദീഞ്ഞിനുശേഷം പൂജരാജാക്കന്മാരുടെ തിരുസ്വരൂപങ്ങൾ മലയിൽനിന്നു മാറ്റി പഴയപള്ളിയുടെ തെക്കുവശത്തുള്ള ചെറിയ കവാടത്തിലൂടെ പുറത്തിറക്കി, മറ്റു പ്രദക്ഷിണങ്ങൾക്കൊപ്പം ചേർന്നു പുതിയ പള്ളിയിൽ അവസാനിക്കുന്നു. തുടർന്ന് വി. തോമ്മാശ്ലീഹായുടെ തിരുശ്ശേഷിപ്പുകൾ ചുംബിക്കാൻ ഭക്തജനങ്ങൾക്ക് അവസരം നല്കുന്നു.

ഇതിനിടെ പള്ളിമൈതാനത്തെ സ്റ്റേജിൽ ശിശുവധ ആവിഷ്കാരം അരങ്ങേറുന്നു. പ്രദക്ഷിണം പുതിയപള്ളിയിൽനിന്നിറങ്ങുമ്പോൾ ഒന്നാം രംഗവും, 'മലയുന്ത്' പുതിയ പള്ളിയുടെ മുമ്പിലുള്ള റോഡിലെത്തുമ്പോൾ രണ്ടാം രംഗവും, 'മലയുന്ത്' കുരിശുംതൊട്ടിയുടെ പടിഞ്ഞാറുഭാഗത്തെത്തുമ്പോൾ മൂന്നാം രംഗവും, കുരിശുവന്ദനം കഴിയുമ്പോൾ നാലാം രംഗവും അവതരിപ്പിക്കുന്നു.

## മതസൗഹാർദത്തിനു മാതൃകയായി കടവുപുഴ കുടുംബം

പാലാ എന്നും മതസൗഹാർദത്തിന്റെ മാതൃകാസ്ഥാനമാണ്. രാക്കുളിത്തിരുനാളിനും അതിനു സാക്ഷ്യങ്ങൾ നല്കാനുണ്ട്. അവിടെ തിരുനാളിൽ കുരിശിൻതൊട്ടിയിലെ കൽക്കുരിശിനുചുറ്റും ദീപം തെളിയുമ്പോൾ അതിനു പിന്നിലെ കരങ്ങൾ ഒരു ഹൈന്ദവകുടുംബത്തിന്റേതാണെന്ന് എത്രപേർക്കറിയാം?

1869 ൽ കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചന്റെ ഭരണകാലത്താണ് പഴയ വലിയപള്ളിയുടെ മുൻവശത്തുള്ള നടയ്ക്കു താഴെയായി കൽക്കുരിശു സ്ഥാപിക്കുന്നത്. അന്നുമുതൽ പള്ളിക്കു സമീപമുള്ള 'കടവുപുഴ' എന്ന ഹൈന്ദവകുടുംബക്കാരാണ് സ്വന്തം ചെലവിൽ എണ്ണത്തിരി കത്തിച്ച് കൽക്കുരിശിനെയും പരിസരങ്ങളെയും തേജോമയമാക്കുന്നത്. 1957 ൽ നിലംപതിച്ച ഈ കുരിശ് ബഹു. മാത്യു മഠത്തിക്കുന്നേലച്ചൻ വികാരിയായിരുന്ന കാലത്ത് 1980 ൽ പുതിയ കത്തീഡ്രലിന്റെ മുൻവശത്തേക്കു മാറ്റിസ്ഥാപിക്കുകയുണ്ടായി. ഇന്നും കടവുപുഴക്കാർ പൂർവാധികം വിശ്വാസത്തോടെ ഓരോ തിരുനാളിനും എണ്ണത്തിരികളുമായി കുരിശിനെ വലംവയ്ക്കുന്നു.






# പാരമ്പര്യപ്രൗഢിയുടെ പാലാപ്പള്ളി



പഴയ വലിയപള്ളിയുടെ അൾത്താര

നൂറ്റാണ്ടുകളുടെ പാരമ്പര്യവുമായി മീനച്ചിലാറിന്റെ തീരത്തു തലയുയർത്തിനില്ക്കുന്ന പാലാ വലിയപള്ളി, മീനച്ചിൽക്രിസ്ത്യാനികളുടെ മതാത്മകജീവിതത്തിന്റെ പ്രതിരൂപമാണ്. തലമുറകൾ കൈമാറി, നമുക്കു ലഭിച്ചിരിക്കുന്ന വിവരങ്ങളിൽ കുറെയൊക്കെ അതിശയോക്തിയും ഭാവനാവിലാസവും കലർന്നിരിക്കാമെങ്കിലും പള്ളിയെ സംബന്ധിച്ചു ചില തറവാട്ടുകാരണവന്മാർ എഴുതിവച്ചിരിക്കുന്ന ഡയറിക്കുറിപ്പുകളും, നമ്മുടെ പരമ്പരാഗത വിശ്വാസവും തമ്മിൽ ഐകരൂപ്യം കാണുന്നതുകൊണ്ട് അവയൊക്കെ യാഥാർഥ്യത്തിലധിഷ്ഠിതമാണ് എന്നുതന്നെ കരുതാവുന്നതാണ്.

## സെന്റ് തോമസും കേരളസഭയും

വിശുദ്ധ തോമാശ്ലീഹാ എ.ഡി. 52 ൽ ഭാരതത്തിൽ വന്നുവെന്നും അനേകരെ ക്രിസ്തുമതാനുയായികളാക്കിയെന്നുമാണു പരമ്പരാഗതമായി വിശ്വസിച്ചു വരുന്നത്. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ എക്കാലവും അറിയപ്പെട്ടിരുന്നതു മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിലാണ്. തോമ്മാശ്ലീഹാ ഇന്ത്യയുടെ തെക്കുകിഴക്കേ തീരത്തുവച്ചു രക്തസാക്ഷിത്വം വരിച്ചുവെന്നും അദ്ദേഹത്തിന്റെ കബറിടം മൈലാപ്പൂരിലാണെന്നും എല്ലാവരും ഒന്നുപോലെ വിശ്വസിക്കുന്നു. പിന്നീട് പോർച്ചുഗീസുകാർ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം എദേസ്സായിലേക്കു മാറ്റുകയാണുണ്ടായത്. 1953 ൽ കാർഡിനൽ ടിസറന്റ് തിരുമേനി, ഒർത്തോണോ ദൈവാലയത്തിൽ സൂക്ഷിച്ചിരുന്ന വിശുദ്ധന്റെ തിരുശ്ശേഷിപ്പിൽ ഒരു ഭാഗം കേരളത്തിലേക്കു കൊണ്ടുവരികയും കൊടുങ്ങല്ലൂരിലെ മാർത്തോമ്മാഷ്രൈനിലും പാലാപ്പള്ളിയിലുമായി സ്ഥാപിക്കുകയും ചെയ്തു.

## പള്ളിസ്ഥാപനവും നാലു വീട്ടുകാരും

പുരാതനങ്ങളായ പല പള്ളികളുടെയും ചരിത്രം പരിശോധിക്കുമ്പോൾ, അവയുടെ സ്ഥാപനത്തിന്റെ കാര്യത്തിൽ ഏതെങ്കിലും നാലു വീട്ടുകാരെപ്പറ്റി പ്രത്യേകം പരാമർശിച്ചുകാണുന്നുണ്ട്. അക്കാലത്ത് പള്ളിസ്ഥാപനത്തിന് കുറഞ്ഞത് നാലു വീട്ടുകാരെങ്കിലും ഉണ്ടായിരിക്കണമെന്ന് ഒരു അലിഖിതനിയമംതന്നെ നടപ്പിലിരുന്നതായി ഇതിൽനിന്നു കരുതാവുന്നതാണ്. പാലാപ്പള്ളിയുടെ സ്ഥാപനത്തിൽ പ്രത്യേകപങ്കുവഹിച്ചതായി വിശ്വസിച്ചുപോരുന്ന നാലു കുടുംബങ്ങൾ ഇവയാണ്: വയലക്കൊമ്പ്, തറയിൽ, കൂട്ടുങ്കൽ, എറകോന്നി.

## പള്ളിസ്ഥാപനം

പാലായിലും പരിസരങ്ങളിലുമുള്ള ക്രൈസ്തവർക്ക് അരുവിത്തുറയായിരുന്നു അന്ന് ഇടവകപ്പള്ളി. യാത്രാസൗകര്യങ്ങളുടെ അഭാവത്താലും വന്യമൃഗങ്ങളുടെയും മോഷ്ടാക്കളുടെയും ശല്യം കാരണത്താലും വിശ്വാസികൾക്കെല്ലാം പതിവായി പള്ളിയിൽ പോകാനോ കൂദാശകളിൽ പങ്കെടുക്കാനോ കഴിഞ്ഞിരുന്നില്ല. വർഷകാലത്ത് അരുവിത്തുറപ്പള്ളിയിൽ ചെന്നെത്താൻ ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ട് കൂദാശസ്വീകരണത്തിനായി ചിലപ്പോൾ കുറവിലങ്ങാട്ടും പോകുമായിരുന്നു. സുഹൃത്തുക്കളായിരുന്ന വയലക്കൊമ്പുമാപ്പിളയും തറയിൽ മാപ്പിളയും തമ്മിൽ ആലോചിച്ചു നിശ്ചയിച്ചതനുസരിച്ച് ഭരണാധികാരിയുടെ പക്കൽ സ്വാധീനമുണ്ടായിരുന്ന വയലക്കൊമ്പുമാപ്പിള മീനച്ചിൽ കർത്തായെ സമീപിച്ച് പാലായിൽ ഒരു പള്ളി വയ്ക്കാനുള്ള അനുവാദം വാങ്ങിച്ചെടുത്തു. പള്ളി സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാൻ കഴിവുള്ള നാലു വീട്ടുകാരെങ്കിലും ഉണ്ടെങ്കിലേ പള്ളിപണി ആരംഭിക്കാവൂ എന്നു കർത്താ നിഷ്കർഷിച്ചു. ഇരുവരും എറകോന്നിമാപ്പിളയുമായി സംസാരിച്ചു. അദ്ദേഹവും എല്ലാ സഹകരണവും വാഗ്ദാനം ചെയ്തു. തറയിൽ മാപ്പിള, തന്റെ പിതൃവ്യപുത്രന്മാരിൽ ഒരാളെ കടുത്തുരുത്തിയിൽനിന്നു വരുത്തി നാലു വീട്ടുകാരെ തികച്ചു. പള്ളിപണി ആരംഭിക്കാൻ പിന്നെയും തടസ്സങ്ങൾ ഉണ്ടായി. വയലക്കൊമ്പു മാപ്പിളയ്ക്കു മീനച്ചിലിൽത്തന്നെ ഒരു കുരിശുനാട്ടി പള്ളി വയ്ക്കാനായിരുന്നു ആഗ്രഹം. മറ്റു വീട്ടുകാരുടെ നിസ്സഹകരണംമൂലം അവിടെ പണി ആരംഭിച്ചില്ല. തറയിൽമാപ്പിള മീനച്ചിലാറിന്റെ വടക്കേക്കരയിൽ പള്ളിവയ്ക്കണമെന്നു വാദിച്ചു. ഇപ്രകാരം, സ്ഥാനത്തെ സംബന്ധിച്ചു തർക്കമുണ്ടായപ്പോൾ ഒരു മധ്യസ്ഥനെന്ന നിലയിൽ മീനച്ചിൽകർത്താ ഇക്കാര്യത്തിൽ ഇടപെടുകയും തറയിൽനിന്നു തെക്കുകിഴക്കായും വയലക്കൊമ്പിൽനിന്നു വടക്കുപടിഞ്ഞാറായും അളന്നാൽ വരുന്ന മധ്യസ്ഥാനത്തു പള്ളിവയ്ക്കേണ്ടതാണെന്നും ആ സ്ഥലം ആരുടേതായാലും ഒഴിപ്പിച്ചുനല്കാമെന്നും തീർപ്പുകല്പിക്കുകയും ചെയ്തു. അതനുസരിച്ച് കർത്തായുടെ മേൽനോട്ടത്തിൽ അളന്നുനോക്കിയപ്പോൾ, മീനച്ചിലാറിന്റെ തെക്കേക്കരയിൽ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥാനം മധ്യസ്ഥാനമായി കണ്ടെത്തി. ഇഞ്ചപ്പടർപ്പും പാറക്കെട്ടും മുളങ്കൂട്ടവും വെട്ടുകല്ലും നിറഞ്ഞ പ്രസ്തുത സ്ഥലം വെട്ടിത്തെളിച്ചു നിരപ്പാക്കിയെടുക്കുന്ന ജോലി വളരെ ദുഷ്കരമായിരുന്നു. എങ്കിലും, സ്ഥലം ശരിയാക്കി ക്രിസ്തുവർഷം 1002 ജൂലൈമാസം മൂന്നാം തീയതി സെന്റ് തോമസിന്റെ നാമത്തിലുള്ള പള്ളിക്കു തറക്കല്ലിട്ടു പണിയാരംഭിച്ചു. അക്കാലത്തു മലങ്കരയെ ഭരിച്ചുകൊണ്ടിരുന്ന 988 ൽ വാഴ്ചയേറ്റ മാർ യോഹന്നാൻ മെത്രാപ്പോലീത്തായുടെ അനുവാദവും ആശീർവാദവും പള്ളിപണിക്കു ലഭിക്കുകയുണ്ടായി.



പഴയ വലിയപള്ളിയുടെ അൾത്താരയിൽ സ്ഥാപിതമായിരിക്കുന്ന വിശുദ്ധ തോമാശ്ലീഹായുടെ പൗരാണിക തിരുസ്വരൂപം

## എതിർപ്പുകൾ

പള്ളി പണിയുന്നതിൽ സമീപവാസികളായ പാലാത്തു ചെട്ടികൾ തുടങ്ങി ചില പ്രമാണിമാർക്ക് എതിർപ്പുണ്ടായിരുന്നു. അവർ രാത്രികാലങ്ങളിൽ സംഘംചേർന്നു പണിതീർത്ത ഭാഗത്തെ കല്ലുകൾ പെറുക്കിയെടുത്തു കരകവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്ന മീനച്ചിലാറ്റിൽ കളഞ്ഞിരുന്നു. സങ്കടനിവൃത്തിക്കായി നാടുവാഴിയായ മീനച്ചിൽകർത്തായെ വീണ്ടും സമീപിച്ചു. അതനുസരിച്ചു കർത്താ നേരിട്ടു സ്ഥലത്തുവന്ന് എതിർപ്പുകാരുടെ നേതാവായ പാലാത്തു ചെട്ടിയെ വിളിച്ചുവരുത്തി ശാസിക്കുകയുണ്ടായി. അനന്തരം, പള്ളിയുടെ അടുത്ത് കർത്തായ്ക്കു താമസിക്കാനായി ഒരു ശ്രാമ്പി (വരാന്തയില്ലാത്ത രണ്ടു നിലയിലുള്ള താത്കാലികകെട്ടിടം) പണി കഴിപ്പിക്കുകയും പള്ളിപണി തീരുന്നതുവരെ കർത്താ അവിടെ വന്നിരുന്ന് ഇരുന്നുകൊണ്ട് പണി നിർബാധം തുടരാൻ സഹായിക്കുകയും ചെയ്തു. രാത്രികാലങ്ങളിൽ കുഴപ്പമുണ്ടാകാതിരിക്കാൻവേണ്ടി പ്രത്യേകം കാവൽക്കാരെയും ഏർപ്പെടുത്തി. ക്രിസ്തുവർഷം 1003 ഏപ്രിൽമാസത്തിലെ ഉയിർപ്പുതിരുനാൾദിവസം പള്ളിയുടെ പണി പൂർത്തിയാക്കി വെഞ്ചരിപ്പുകർമം നടത്തിയെന്നാണു പാരമ്പര്യവിശ്വാസം.

## വളർച്ചയുടെ കാലഘട്ടം

പള്ളി സ്ഥാപിച്ച നാലു വീട്ടുകാർ അനേകം ശാഖകളായി പിരിയുകയും, പ്രത്യേകം വീടുകളും കുടുംബപ്പേരുകളും ഉണ്ടാക്കി മാറിത്താമസിക്കുകയും ചെയ്തു. മീനച്ചിലാറിന്റെ സാമീപ്യവും പാലായിലെ വളക്കൂറുള്ള മണ്ണും പള്ളിയുടെ സാന്നിധ്യവും യാത്രാസൗകര്യങ്ങളും പലരെയും പാലായിലേക്ക് ആകർഷിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും ഇടയ്ക്കിടെ പ്രത്യക്ഷപ്പെട്ട ലഹളകളും സാമൂഹികസംഘർഷങ്ങളും കാരണം പലരും സ്വന്തം നാടുവിട്ട് പാലായുടെ പരിസരങ്ങളിൽ വന്നു താമസിക്കാൻ തുടങ്ങി. കുലത്തൊഴിലായ കൃഷിയിലും വ്യാപാരത്തിലും പാലായിലെ ക്രിസ്ത്യാനികൾ അടിക്കടി അഭിവൃദ്ധി പ്രാപിച്ചു.

► 13




# ചരിത്രമുറങ്ങുന്ന ദൈവാലയം

12-ാം പേജ് തുടർച്ച

അവരുടെ അധ്വാനശീലവും ദേശസ്നേഹവും നാടുവാഴികളെ ഏറെ സന്തുഷ്ടരാക്കി. വിശ്വാസികളുടെ എണ്ണത്തിലും തങ്ങളുടെ സാമ്പത്തികനിലയിലുമുണ്ടായ അഭിവൃദ്ധിക്കനുസരണമായി പാലായിലെ ക്രിസ്ത്യാനികൾ തങ്ങളുടെ മാതൃദൈവാലയം പൊളിച്ചുപണിയുകയും വിസ്തൃതമാക്കുകയും ചെയ്തുകൊണ്ടിരുന്നു.

### പാലാ അങ്ങാടിയുടെ സ്ഥാപനം

മീനച്ചിൽ കർത്താക്കന്മാർക്കു ക്രിസ്ത്യാനികളോടുള്ള പ്രത്യേക താത്പര്യം പരിഗണിച്ച്, അവരുടെ കച്ചവടസൗകര്യങ്ങൾക്കായി, എ.ഡി. 1736 ൽ പാലാ അങ്ങാടി സ്ഥാപിച്ചു. മീനച്ചിലാറിനു വടക്കേക്കരയിൽ, ചെട്ടിക്കുന്നിനു കിഴക്ക് കാടായിക്കിടന്നിരുന്ന അമ്പലപ്പുറത്ത്, ആശാരിപടിക്കൽ മുതലായ സ്ഥലങ്ങൾ വെട്ടിത്തെളിച്ചു പീടികത്തറകൾക്കായി പതിച്ചുകൊടുത്തു.

### നാലുവീട്ടുകാരുടെ പ്രത്യേക അവകാശങ്ങൾ

പള്ളിസ്ഥാപനകാലംമുതല്ക്കേ, സ്ഥാപകകുടുംബക്കാരായ നാലുവീട്ടുകാർക്ക്, പള്ളിസംബന്ധമായ കാര്യങ്ങളിൽ, ചില പ്രത്യേക അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നു. പള്ളിയുടെ മുതൽസംബന്ധമായ കാര്യങ്ങളെല്ലാം ഈ നാലു വീട്ടുകാർ ചേർന്നാണ് കൈകാര്യം ചെയ്തിരുന്നത്. 750 കൊല്ലക്കാലത്തേക്ക് ഈ നടപടിക്കു ഭംഗം സംഭവിച്ചിരുന്നില്ല. ഇത്ര ദീർഘകാലം ഒരേ കുടുംബക്കാർതന്നെ ഭരണം നടത്തിയിട്ടുള്ള പള്ളികൾ, മലങ്കരയിൽ വേറേ ഉണ്ടായിരുന്നോ എന്നു സംശയമാണ്.

### പുതിയ ഭരണക്രമം

17, 18 നൂറ്റാണ്ടുകളിൽ പാലായിലേക്ക് ഒരു വലിയ കുടിയേറ്റംതന്നെയുണ്ടായി. ഈ കുടിയേറ്റക്കാരിൽ പലരും ആഢ്യത്വത്തിലും പള്ളിയോടുള്ള ആഭിമുഖ്യത്തിലും മറ്റാരുടെയും പിന്നിലായിരുന്നില്ലെങ്കിലും, സ്ഥാപകകുടുംബക്കാർക്ക് അവരുടെ സേവനങ്ങളെ അംഗീകരിക്കാൻ വൈമുഖ്യമായിരുന്നു. ഇടവകഭരണത്തിൽ തങ്ങൾക്കും പങ്കാളിത്തം വേണമെന്നും, സ്ഥാപക കുടുംബങ്ങളുടെ പ്രത്യേക അവകാശങ്ങൾ നിർത്തൽ ചെയ്യണമെന്നും അവർ വാദിച്ചെങ്കിലും നാലുവീട്ടുകാരുടെ സംഘടിതമായ എതിർപ്പുകാരണം അതു നടപ്പിലായില്ല. തത്ഫലമായി, ഇടവകാംഗങ്ങൾക്കിടയിൽ ചില തർക്കങ്ങളും വടംവലികളും ഉടലെടുത്തു. ഈ തർക്കങ്ങളിൽ ചില വികാരിമാരും ഇടവകവൈദികരുംകൂടി പങ്കുചേർന്നതോടെ അതു കൂടുതൽ ശക്തിയാർജ്ജിച്ചു.

1765 ൽ പള്ളിവികാരിയായിരുന്ന കട്ടക്കയത്തിൽ അബ്രാഹം കത്തനാരുടെ നേതൃത്വത്തിൽ നടത്തിയ ശ്രമത്തിന്റെ ഫലമായി പുതുതായി പള്ളിയോഗം രൂപീകരിക്കുന്നതിനും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുംവേണ്ടി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായ 'സൽവഡോർ റീസിൽ'നിന്നു കല്പന ലഭിക്കുകയുണ്ടായി. അതനുസരിച്ചു പള്ളിയോഗം രൂപീകരിച്ച് പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുത്തെങ്കിലും നാലു വീട്ടുകാരുടെ എതിർപ്പുകാരണം പുതിയ കൈക്കാരന്മാർക്കു പള്ളിഭരണത്തിന്റെ ചുമതല ഏറ്റെടുക്കാൻ കഴിഞ്ഞില്ല. തന്നെയുമല്ല, അന്നത്തെ വികാരിയായിരുന്ന അബ്രാഹം കത്തനാർക്ക് കുമരകത്തേക്കു സ്ഥലംമാറി പോകേണ്ടതായും വന്നു.

അതേത്തുടർന്ന്, ഇടവകാംഗങ്ങൾക്കിടയിൽ ശക്തമായ അഭിപ്രായവ്യത്യസം ഉടലെടുക്കുകയും അധികാരസ്ഥാനങ്ങളിലേക്കു തുടർച്ചയായി പരാതികൾ പോകുകയും ചെയ്തു. പരാതികളെപ്പറ്റി പഠിച്ചു റിപ്പോർട്ടുചെയ്യാൻവേണ്ടി ഗോവർണദോർ ജോൺ ഡി ഫോർത്തോയാൽ നിയുക്തരായ കമ്മീഷനംഗങ്ങൾ നാലുപേരും ചേർന്ന് ഏകകണ്ഠമായി അഭിപ്രായപ്പെട്ടത് നാലു വീട്ടുകാരുടെ ഭരണം അവസാനിപ്പിക്കണമെന്നായിരുന്നു.

തത്ഫലമായി, 1830 ൽ കട്ടക്കയത്തിൽ യൗസേപ്പുമല്പാൻ വികാരിയായിരുന്ന കാലത്ത്, 16 വീട്ടുകാർ ഉൾപ്പെട്ട ഒരു പുതിയ പള്ളിയോഗം ഏർപ്പെടുത്തുകയും, കൈക്കാരന്മാരെ പുതിയ പള്ളിയോഗം തിരഞ്ഞെടുക്കേണ്ടതാണെന്നു വ്യവസ്ഥചെയ്യുകയും ചെയ്തുകൊണ്ട് ജോൺ ഡി. ഫോർത്തോ പെയ്സോത്തു ഗോവർണദോർ കല്പനപുറപ്പെടുവിച്ചു. നാലു വീട്ടുകാരിൽ ചിലർ വീണ്ടും പ്രതിഷേധത്തിന് ഒരുങ്ങിയെങ്കിലും അന്നത്തെ മേമ്പൂട്ടുകാരനായിരുന്ന തയ്യിൽ കൊച്ചുതൊമ്മൻ മാപ്പിള സ്വമേധയാ, പള്ളിവികാരിക്കു താക്കോൽ കൈമാറിയതുകൊണ്ട് കുഴപ്പങ്ങൾ ഒന്നും ഉണ്ടായില്ല. മേല്പറഞ്ഞ 16 യോഗപ്രതിനിധികളിൽ, സ്ഥാപകകുടുംബങ്ങളുടെ പ്രതിനിധികളായി 8 പേരും മറ്റു കുടുംബങ്ങളുടെ പ്രതിനിധികളായി 8 പേരും ഉണ്ടായിരുന്നു. 1830 ലെ പള്ളിയോഗത്തിന്റെ അംഗങ്ങൾ താഴെപ്പറയുന്ന കുടുംബങ്ങളുടെ പ്രതിനിധികളായിരുന്നു: 1. തയ്യിൽ 2. പൊരുന്നോലി 3. പുത്തൻപുര 4. മൂലയിൽ 5. കീഴേടം 6. വയലൻ 7. വെള്ളാപ്പാടൻ 8. കൊട്ടുകാപ്പള്ളി 9. കുടക്കച്ചിറ 10. കട്ടക്കയം 11. പനയ്ക്കൻ 12. മണിമല 13. വയലക്കൊമ്പൻ 14. പുളിക്കൻ 15. എറകോന്നി 16. തുരുത്തിപ്പള്ളി. മേല്പറഞ്ഞ 16 വീട്ടുകാരിൽ അതത് ശാഖകളിലെ ഏറ്റവും പ്രായംകൂടിയ ആൾ യോഗപ്രതിനിധിയായിരിക്കുമെന്നും നിശ്ചയിച്ചു. 1933 ൽ 16 വീട്ടുകാരെകൂടി ഉൾപ്പെടുത്തി യോഗാംഗങ്ങളുടെ എണ്ണം 32 ആക്കി. 1948 മുതൽ 32 വീട്ടുകാരുടെ ഭരണവും അവസാനിപ്പിച്ച് ഇടവകയിലെ കുടുംബനാഥന്മാർ ചേർന്ന് ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കുന്ന യോഗാംഗങ്ങളുടെ ഭരണം നിലവിൽവന്നു. 1950 ൽ പാലാരൂപത സ്ഥാപിതമായതോടെ, രൂപതാനിയമാവലിയനുസരിച്ച് 30 യോഗാംഗങ്ങളും 4 കൈക്കാരന്മാരുമുള്ള ഭരണരീതി നിലവിൽവന്നു.





ഇടവകമധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെയും പൂജരാജാക്കന്മാരുടെയും തിരുസ്വരൂപങ്ങൾ

### ഇപ്പോഴുള്ള പഴയപള്ളി

16 ാം നൂറ്റാണ്ടിൽ, പോർട്ടുഗീസുകാരുടെ ആഗമനശേഷം, നേരത്തേയുണ്ടായിരുന്ന പള്ളി പൊളിച്ച് പോർച്ചുഗീസ് ശില്പമാതൃകയിൽ, കനത്ത ഭിത്തികളോടുകൂടി മനോഹരമായി പുതുക്കിപ്പണിയുകയുണ്ടായി. 17-ാം നൂറ്റാണ്ടിൽ ഈ പള്ളി തീവച്ചു നശിപ്പിക്കുകയുണ്ടായി. തുടർന്നു പുനർനിർമാണം നടത്തിയെങ്കിലും 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തറയിൽ വംശജനായ ശ്രാമ്പിക്കൽ ഇട്ടൻ മാപ്പിളയുടെ നേതൃത്വത്തിൽ, പോർച്ചുഗീസ്ശില്പമാതൃകയിൽ പണിതീർത്ത ദൈവാലയമാണ് ഇപ്പോഴത്തെ പഴയപള്ളി. നല്ല വലുപ്പമുള്ള കല്ലുകൾകൊണ്ടും വരാൽപശയും കടുക്കാവെള്ളവും ചേർത്ത് പ്രത്യേകരീതിയിൽ കൂട്ടിയെടുത്ത കുമ്മായച്ചാന്തുപയോഗിച്ചുമാണ് ഈ പള്ളിയുടെ പണികൾ നടത്തിയത്. എത്ര വിദഗ്ധനായ കല്പണിക്കാരനുപോലും ഈ പണിയിൽനിന്ന് ഒരു കല്ലുപോലും പൊടിയാതെ ഇളക്കിയെടുക്കാൻ പറ്റാത്തവിധം അത്ര ഉറപ്പോടെയാണ് ഇതിന്റെ പണി നിർവഹിച്ചിരിക്കുന്നത്. മനോഹരമായ ഈ പള്ളിപണിയുടെ ചുമതലയും മേൽനോട്ടവും വഹിച്ചത് ഇട്ടൻമാപ്പിളതന്നെയായിരുന്നു. പള്ളിക്കു പണം തികയാതെ വന്നപ്പോൾ സ്വന്തം പണവുംകൂടി അദ്ദേഹം പള്ളിപണിക്കുവേണ്ടി ചെലവഴിച്ചു. എങ്കിലും പള്ളിപണി പൂർത്തിയായി കാണാൻകഴിയാതെ, നിർധനനും രോഗിയുമായിത്തീർന്ന അദ്ദേഹം പള്ളിയങ്കണത്തിൽവച്ചുതന്നെ മരണമടയുകയാണുണ്ടായത്.

തയ്യിൽ വലിയതൊമ്മൻ മാപ്പിളയുടെ ചുമതലയിലാണ് ഇതിന്റെ ബാക്കിപണികൾ നടന്നത്.

► 14







# പൗരാണികമഹിമയുടെ പാവനമുദ്രകൾ

*13–ാം പേജ് തുടർച്ച*

### പഴയപള്ളിയുടെ അൾത്താര

പഴയപള്ളിയിൽ ഇപ്പോൾ കാണുന്ന മനോഹരമായ അൾത്താര, 1853 ൽ കട്ടക്കയത്തിൽ യൗസേപ്പുമല്പാൻ വികാരിയായിരുന്നപ്പോൾ തടിയിൽ പണികഴിപ്പിച്ചു തങ്കം പൂശിയതാണ്. അൾത്താരയിലെ ഓരോ ചിത്രവും മല്പാനച്ചന്റെ നിർദേശമനുസരിച്ചു തീർത്തിട്ടുള്ളതാണ്.

'സുളുദോർ' എന്നു പേരായ സമർഥനായ ഒരു മേസ്തിരിയുടെ മേൽനോട്ടത്തിലാണു പണിനടന്നത്. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ സ്വർല്ലോകരാജ്ഞിയായി മുടി ധരിപ്പിക്കുന്ന രംഗം വളരെ മനോഹരമായി ഇവിടെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പ്രധാന അൾത്താരയുടെ പിറകിലുള്ള ഭിത്തി മുഴുവൻ പച്ചിലച്ചാറുകൾകൊണ്ടു ചായം കൂട്ടി, പെയിന്റ് ചെയ്തിരിക്കുന്ന മനോഹരമായ ചിത്രങ്ങൾകൊണ്ട് അലംകൃതമാണ്. ചെറിയ ത്രോണോസുകൾ രണ്ടും ബഹു. കട്ടക്കയത്തിൽ ചെറിയാച്ചൻ വികാരിയായിരിക്കുമ്പോൾ, മാനുവൽ ഫെർണാണ്ടസ് എന്ന മേസ്തിരിയുടെ മേൽനോട്ടത്തിൽ നിർമിച്ചു തങ്കം പൂശുകയുണ്ടായി.

### പൊന്നിൻകുരിശ്

പാലാപള്ളിയിലെ പൊന്നിൻകുരിശും ഇടത്തരം വെള്ളിക്കുരിശും മല്പാനച്ചന്റെ നിർദേശപ്രകാരം പണികഴിപ്പിച്ചതാണ്. നമ്മുടെ നാട്ടിൽ ആദ്യമായിത്തീർത്ത പൊന്നിൻ കുരിശു പാലാപ്പള്ളിയുടേതായിരുന്നു. അൾത്താരയും പൊന്നിൻകുരിശും പണികഴിപ്പിക്കുന്നതിൽ യൗസേപ്പുമല്പാനോടു സഹകരിച്ചുപ്രവർത്തിച്ചിരുന്നത് മേനാമ്പറമ്പിൽ ഇട്ടിച്ചെറിയതു മാപ്പിളയായിരുന്നു. 1863 ൽ തെരുവിൽ മത്തായി മുതൽപേരുടെ മേൽനോട്ടത്തിൽ പൊന്നിൻകുരിശു പണിയാൻ വേണ്ട സ്വർണപ്പണ്ടങ്ങൾ ഉരുക്കിയതായി പള്ളിറിക്കാർഡുകളിൽ കാണുന്നതുകൊണ്ട് അക്കാലത്താണ് പൊന്നിൻ കുരിശു പണികഴിപ്പിച്ചത് എന്ന് അനുമാനിക്കാം.



**പ്രസംഗപീഠം**

ഒരു വെള്ളപ്പൊക്കകാലത്ത് മീനച്ചിലാറ്റിൽക്കൂടി ഒഴുകിവന്ന ഒറ്റത്തടി ഉപയോഗിച്ച് യൗസേപ്പുമല്പാൻ പണിയിച്ചത്

### ചെറിയപള്ളിയുടെ നിർമാണം

കട്ടക്കയത്തിൽ കൊച്ചുചാണ്ടിമല്പാന്റെയും കൈക്കാരനായിരുന്ന തയ്യിൽ കൊച്ചുതൊമ്മൻ മാപ്പിളയുടെയും നിർദേശപ്രകാരമാണ് പള്ളിയുടെ കിഴക്കുവശത്തുണ്ടായിരുന്ന കുന്നിൻപ്രദേശം നിരപ്പാക്കി മൂന്നുരാജാക്കന്മാരുടെ പേരിലുള്ള ചെറിയ പള്ളി സ്ഥാപിച്ചത്. 1818 ഒക്ടോബർ 13 ന് ചെറിയപള്ളിക്കു തറക്കല്ലിട്ടു പണിയാരംഭിച്ചു. പൂജരാജാക്കളോടുള്ള വർദ്ധിച്ചുവരുന്ന ഭക്തിയും, രാക്കുളിത്തിരുനാളിന്റെ പ്രദക്ഷിണം കൂടുതൽ ആകർഷകമാക്കാനുള്ള ആഗ്രഹവുംകൊണ്ടാണു ചെറിയപള്ളി പണികഴിപ്പിച്ചത്. മല്പാനച്ചൻതന്നെ മുളവാരിയും പനമ്പും ഉപയോഗിച്ച് ഇപ്പോൾ കാണുന്ന മലയുടെ ആകൃതിയിൽ ഒരു 'മല' ഉണ്ടാക്കി ചായം പൂശി ഭംഗിയാക്കി, 1819 ജനുവരി 6–ാം തീയതിലെ രാക്കുളിത്തിരുനാളിന് ഈ മല ചെറിയപള്ളിയിൽനിന്ന് ആഘോഷമായി എഴുന്നള്ളിച്ചുകൊണ്ടുവരികയും, ഇപ്പോൾ കാണുന്നവിധത്തിലുള്ള മലയും സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിനു നാന്ദികുറിക്കുകയും ചെയ്തു. പിന്നീട്, കട്ടക്കയത്തിൽ യൗസേപ്പുമല്പാൻ വികാരിയായി വന്നപ്പോൾ തടികൊണ്ടുതന്നെ ഒരു 'മല' ഉണ്ടാക്കുകയുണ്ടായി. അതാണ് ഇപ്പോൾ കാണുന്ന 'മല'. അതിനകത്തെ ആട്ടിടയന്മാരുടെയും മൃഗങ്ങളുടെയും പ്രതിമകൾ നല്ല ഒരു ശില്പികൂടിയായ മല്പാനച്ചൻ സ്വന്തമായി നിർമിച്ചു ചായംകൊടുത്തു മനോഹരമാക്കിയിട്ടുള്ളതാണ്.

1888 ൽ കട്ടക്കയത്തിൽ ചെറിയാച്ചൻ വികാരിയായിരിക്കുമ്പോൾ വടക്കയിൽ വർക്കിക്കത്തനാരുടെ മേൽനോട്ടത്തിൽ ചെറിയ പള്ളി പൊളിച്ച് മനോഹരമായി പണി കഴിപ്പിക്കുകയുണ്ടായി. 1977 ജൂലൈ മാസത്തിൽ, പുതിയ കത്തീഡ്രൽ പണിക്കുവേണ്ടി അന്നത്തെ വികാരി ഫാ. മാത്യു മഠത്തിക്കുന്നേൽ ഈ പള്ളി പൊളിച്ചുമാറ്റുകയുണ്ടായി.

### വാദ്യപ്പുരകൾ

പഴയപള്ളിയുടെ മുൻവശത്ത് ഇരുവശങ്ങളിലുമായിയുള്ള വാദ്യപ്പുരകൾ എന്നു പണികഴിപ്പിച്ചെന്നു നിശ്ചയമില്ല. രാക്കുളിത്തിരുനാളിനോടനുബന്ധിച്ചു പള്ളിമുറ്റത്തു നടത്തിയിരുന്ന മജിസ്ട്രേറ്റുകോടതി ഈ വാദ്യപ്പുരകളിലാണു പ്രവർത്തിച്ചുകൊണ്ടിരുന്നത്. പേരുകൊണ്ടു സൂചിപ്പിക്കുന്നതുപോലെ വാദ്യോപകരണ വിദഗ്ധർക്കും ചെണ്ടമേളക്കാർക്കും തിരുനാൾദിവസങ്ങളിൽ മേളം നടത്താനും വിശ്രമിക്കാനുമാണ് ഇതു പ്രധാനമായും ഉപയോഗിച്ചിരുന്നത്. പഴയകാലത്തു ഹിന്ദുക്കളായ കളരിയാശാന്മാർ ഇവിടെവച്ചു കുട്ടികൾക്കു വേദപാഠക്ലാസ്സുകൾ നടത്തിയിരുന്നു. ബഹു. മാളിയേക്കലച്ചൻ വികാരിയായിരിക്കുമ്പോൾ വടക്കുവശത്തെ വാദ്യപ്പുരയുടെ മേൽക്കൂര പൊളിച്ചുമാറ്റി ഒരു സ്റ്റേജായി ഇതു സൂക്ഷിച്ചുവരുന്നു.



**വാദ്യപ്പുര**

പഴയപള്ളിയുടെ മുൻവശത്ത് ഇരുവശങ്ങളിലായി ഉണ്ടായിരുന്ന വാദ്യപ്പുരകളിലൊന്ന്. രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് പള്ളിമുറ്റത്തു നടത്തിയിരുന്ന മജിസ്ട്രേറ്റ് കോടതി ഈ വാദ്യപ്പുരകളിലാണു പ്രവർത്തിച്ചിരുന്നത്.

## പാലാപ്പള്ളി നാൾവഴികൾ

- 1002 ജൂലൈ 3 ന് തറക്കല്ലിട്ടു.
- 1003 ഏപ്രിൽ ഉയിർപ്പുതിരുനാൾ ദിവസം വെഞ്ചരിപ്പു നടത്തി.
- 1818 ഒക്ടോബർ 13 ന് ചെറിയ പള്ളിക്കു തറക്കല്ലിട്ടു.
- 1819 ജനുവരി 6 ന് മലയുന്ത് ആരംഭിച്ചു.
- 18–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇപ്പോഴത്തെ പഴയപള്ളി പണിതു.
- 1853 കട്ടക്കയത്തിൽ യൗസേപ്പു മല്പാൻ അൾത്താര തടിയിൽ പണികഴിപ്പിച്ച് തങ്കം പൂശി.
- 1852–53 ൽ പള്ളിമേട പണികഴിപ്പിച്ചു.
- 1863 പൊന്നിൻകുരിശു പണിതു.
- 1954 ജൂൺ നാലാം തീയതി സംഗീതാത്മക സ്വരങ്ങൾ പുറപ്പെടുവിക്കുന്ന അഞ്ചു പുതിയ പള്ളിമണികളും മണിമാളികയും സ്ഥാപിച്ചു.
- 1950 ജൂലൈ 25 ന് പരിശുദ്ധ സിംഹാസനം പാലാപ്പള്ളിയെ കത്തീദ്രൽ പദവിയിലേക്ക് ഉയർത്തി.
- 1953 നവംബർ 30 ന് പുതിയ കത്തീദ്രലിനു കർദിനാൾ ടിസറന്റ് തിരുമേനി തറക്കല്ലിട്ടു.
- 1981 ജനുവരി ഒന്നിനു പുതിയ ദൈവാലയം മാർപ്പാപ്പായുടെ പ്രത്യേകപ്രതിനിധി അത്യുന്നത കർദിനാൾ ലദിസ്സ്ലാവൂസ് റൂബിൻ തിരുമേനി കൂദാശ ചെയ്തു.














പാപ്പച്ചൻ കടമക്കുടി

നോവൽ 8



# ചക്രവർത്തിനി

അണഞ്ഞുപോയ ദീപത്തിനുപകരം നൂറു മണിച്ചിത്രദീപങ്ങൾ. സൗന്ദര്യമുള്ള യുവകന്യകമാരെ രാജാവിനുവേണ്ടി അന്വേഷിച്ചു കണ്ടുപിടിക്കാൻ ഭൃത്യൻമാർ ഓരോ പ്രവിശ്യയിലേക്കും പറഞ്ഞയയ്ക്കപ്പെട്ടിട്ടുണ്ട്. കൊട്ടാരത്തിലെ സ്ത്രീകളുടെ ചുമതല വഹിക്കുന്ന ഹെഗായിയാണ് ഓരോയിടത്തേക്കും സേവകരെ നിയോഗിച്ചത്.

സൂസായിൽ എത്തിച്ചേരുന്ന യുവസുന്ദരിമാരെ പ്രത്യേകം അന്തഃപുരത്തിലാണു താമസിപ്പിക്കുന്നത്. അവർക്കാവശ്യമായ സൗന്ദര്യവർദ്ധകവസ്തുക്കളെല്ലാം കൊട്ടാരത്തിൽനിന്നു നല്കാൻ ഏർപ്പാടാക്കി.

വാഷ്തിരാജ്ഞിക്കു പകരം ആ പദത്തിലെത്താൻ കൊതിപൂണ്ട് ധാരാളം കന്യകമാർ എത്തിക്കൊണ്ടിരിക്കുന്നു. സൂക്ഷ്മപരിശോധനകൾക്കുശേഷം തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രമാണ് അന്തഃപുരത്തിൽ പ്രവേശനം നല്കിയത്.

കൂടാരത്തിലെ ഒരാഴ്ചത്തെ കർശനപഠനത്തിനും ഒരുക്കങ്ങൾക്കുംശേഷം എസ്തേറിനെ സൂസായിലേക്കു കൊണ്ടുവന്നു. രൂപവതിയും സുമുഖിയുമായ അവളെ മൊർദെക്കായിതന്നെ ഹെഗായിയെ ഏല്പിച്ചു.

എന്നാൽ, എസ്തേർ തന്റെ വളർത്തുമകളാണെന്ന സത്യം അയാൾ മറച്ചുവച്ചു.

"ഇതാ ഹെഗായ്, രാജാവിനുവേണ്ടി ഞാൻ കണ്ടെത്തിയ ഒരു കന്യക."

അത്യന്തം ആഹ്ലാദത്തോടെ ഹെഗായ് അവളെ നോക്കി. ഇതുവരെ കണ്ടെത്തിയ കന്യകമാരുടെ കൂട്ടത്തിൽ ഏറ്റവും സുന്ദരിയാണിവൾ.

''ഇവളേതു ഗോത്രക്കാരിയാണ്?"

ഹെഗായ് അന്വേഷിച്ചു.

"അറിയില്ല, അപ്പനും അമ്മയും മരിച്ചുപോയ ഒരു അനാഥയാണ്. പക്ഷേ, അറിവിലും അഴകിലും മികച്ചവളാണ്. തോന്നുന്നില്ലേ?"

"തീർച്ചയായും."

"മൊർദെക്കായിയുടെ അഭിപ്രായം ഹെഗായി ശരിവെച്ചു."

"ഇവൾക്കു ഞാൻ അന്തഃപുരത്തിലെ ഏറ്റവും നല്ല ഇടം നല്കും."

അതു കേട്ടപ്പോൾ മൊർദെക്കായ് പുഞ്ചിരിച്ചു. മനസ്സിൽ ആശ്വസിക്കുകയും ചെയ്തു.

വന്നെത്തിയ എല്ലാ യുവകന്യകമാർക്കും ആറുമാസം മീറയും ആറുമാസം സുഗന്ധദ്രവ്യങ്ങളും ലേപനങ്ങളും കൊണ്ടുള്ള പരിചരണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനുവേണ്ടി വിദഗ്ധരായ പരിചാരികാവൃന്ദത്തെയും നിശ്ചയിച്ചു.

കൊട്ടാരവും പരിസരവും പരിജനങ്ങളും ഉദ്യോഗസ്ഥരുമായുള്ള ഒരു വർഷത്തെ ഇടപഴകൽ ആ കന്യകമാരുടെ ദോഷവശങ്ങൾ ഇല്ലാതാക്കും. മനസ്സ രാജപത്നിയുടേതുപോലെ പരിപാകപ്പെടും. നടപ്പിലും നോട്ടത്തിലും പെരുമാറ്റത്തിലും ഔന്നത്യം വന്നുചേരും. വിശദവും സൂക്ഷ്മവുമായ നിയന്ത്രണങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽ ഓരോ യുവതിയും അടിമുടി വ്യത്യസ്തയായിത്തീരും.

ഇടയ്ക്കിടെ മൊർദെക്കായിയുടെ മനസ്സ് ചഞ്ചലമാകും. തന്റെ മകൾക്ക് അന്തഃപുരത്തിനുള്ളിൽ സുഖമാണോ?

അവൾ ബന്ധുജനങ്ങളെ ഓർത്തു വ്യാകുലപ്പെടാറുണ്ടോ?

ഹെഗായിയോടു ചോദിക്കുവാൻ പലവട്ടം മുതിർന്നു.പക്ഷേ മനസ്സതു വിലക്കി.

ആർക്കും ഒരു സംശയവും തോന്നരുത്.

ഉള്ളിലെ ആധികൾ ഉള്ളിൽത്തന്നെ ഒതുക്കി.

കൊട്ടാരം വിചാരിപ്പുകാരനായതിനാൽ മൊർദെക്കായിക്ക് അന്തഃപുരഭാഗത്തേക്കും പ്രവേശനമുണ്ട്. ആ സ്വാതന്ത്ര്യമുപയോഗിച്ച് അയാൾ ഒരു ദിവസം അന്തഃപുരം മുറ്റത്തിനപ്പുറത്തുള്ള തോട്ടത്തിൽ വന്നു. അവിടെനിന്ന് അകത്തേക്ക് എത്തിനോക്കി.

ഏതെങ്കിലും വരാന്തയിൽ ആ നക്ഷത്രം ഉണ്ടോ? ഏതെങ്കിലും ജനൽപ്പാളികൾക്കപ്പുറത്ത് ആകാംക്ഷനിറഞ്ഞ കണ്ണുകളുണ്ടോ?



മൊർദെക്കായിയെ മുറ്റത്തു കണ്ടപാടേ എസ്തേർ വരാന്തയിൽ പ്രത്യക്ഷപ്പെട്ടു. കണ്ണുകൊണ്ടും കൈകൊണ്ടും ആംഗ്യംകാണിച്ച് ശ്രദ്ധയാകർഷിച്ചു.

വരാന്തയിലൂടെ അങ്ങോട്ടു മിങ്ങോട്ടും നടന്നു.

മതിലിനകത്ത് തന്റെ വളർത്തുമകളുടെ പ്രവൃത്തികളെല്ലാം ഇപ്പുറത്തെ തോട്ടത്തിൽ നിന്നുകൊണ്ട് മൊർദെക്കായി ശ്രദ്ധിച്ചു. പക്ഷേ, അറിഞ്ഞതായി ഭാവിച്ചില്ല.

മരച്ചില്ലകൾക്കിടയിൽ മറഞ്ഞുനിന്നുനോക്കി. എസ്തേർ സന്തുഷ്ടയാണ്, മുഖത്തിപ്പോഴും നിലാവുണ്ട്.

നടത്തത്തിനു സൗന്ദര്യാത്മകമായ താളമുണ്ട്. അത്രയുംമതി..

മൊർദെക്കായിക്ക് സംതൃപ്തിയായി.

പിതൃവ്യനായ അബിഹായലിന്റെ പുന്നാരക്കുട്ടിയാണ് ഹദസ. അവളുടെ അമ്മയും മരണത്തിനു കീഴടങ്ങി.

ബാബിലോൺയുദ്ധത്തിന്റെ ജീവിക്കുന്ന രക്തസാക്ഷിയെപ്പോലെ കിട്ടിയതാണ് അഞ്ചുവയസ്സുകാരി കിലുക്കാംപെട്ടിയെ. ഇത്രയുംനാൾ തന്റെ നെഞ്ചോടൊട്ടിച്ചേർന്നു വളർന്നു.

കളിച്ചുകുളിർന്നു.

വലുതായി, സുന്ദരിയായി!

മൊർദെക്കായി പതുക്കെ കൊട്ടാരവാതിൽക്കലേക്ക്, തന്റെ ഇരിപ്പിടത്തിലേക്കു മടങ്ങി.

എസ്തേറിന്റെ സൗഖ്യമന്വേഷിച്ചിട്ടുള്ള ഇത്തരം കൂടിക്കാഴ്ചകൾ നിരവധി തവണ നടന്നിട്ടുണ്ട്. അയാളുടെ മനസ്സമാധാനത്തിനു വേണ്ടിമാത്രം.

ഒരിക്കൽ അറിയാനുള്ള ആഗ്രഹം പരകോടിയിലെത്തിയപ്പോൾ ഉപനാരികളുടെ മേൽനോട്ടക്കാരനെ നേരിൽക്കണ്ടു വിശേഷം തിരക്കി.

"ഏയ് ഹെഗായ്."

"അടിയൻ."

ഷണ്ഡൻ മൊർദെക്കായെ വണങ്ങി.

''അന്നു നിന്നെ ഏല്പിച്ച അനാഥക്കുട്ടി എങ്ങനെയുണ്ട്?"

''അവൾ മിടുമിടുക്കിയാണ്. മറ്റുള്ളവരെപ്പോലെ വേണ്ടതും വേണ്ടാത്തതുമായ യാതൊന്നും ആവശ്യപ്പെടില്ല, പാവം."

ഹെഗായി അവളുടെ മേന്മ പറയുന്നതുകേട്ട് അയാൾ സന്തോഷിച്ചു.

"നീ അവളെ കാണാറുണ്ടോ?"

"ഉണ്ടങ്ങുന്നേ... എനിക്ക് ആ കുട്ടിയോട് വല്ലാത്ത ഇഷ്ടമാണ്."

മൊർദെക്കായി ഉള്ളിൽച്ചിരിച്ചു. ഇനിയും എല്ലാം ശുഭമായി നടക്കണേ എന്നു പ്രാർത്ഥിച്ചു.

"ഇന്നുമുതലാണ് കന്യകമാർ രാജാവിനെ സന്ദർശിക്കുന്നത്."

ഹെഗായി വെളിപ്പെടുത്തി.

"ഇത്ര പെട്ടെന്ന് ഒരുവർഷം കടന്നുപോയോ?"

മൊർദെക്കായി അദ്ഭുതപ്പെട്ടു.

"കാലമല്ലേ അതോടിപ്പോകും."

ഫലിതം പറഞ്ഞതുപോലെ അവൻ ചിരിച്ചു.

"എനിക്കിന്നു വലിയ തിരക്കാണ്. ആദ്യവനിതയെ കുറിയിട്ടു തീരുമാനിക്കണം. കൊട്ടാരത്തിലെത്തിക്കണം."

അവൻ വേഗത്തിൽ നടന്നു.

തവണ എത്തുന്നതിനനുസരിച്ച് ഓരോ യുവതിയും മഹാരാജാവിനെ സന്ദർശിക്കും. അങ്ങോട്ടു പോകുമ്പോൾ അന്തഃപുരത്തിൽ എന്താവശ്യമുണ്ടെങ്കിലും അതെല്ലാം അവർക്കു കൊടുക്കും.

സന്ധ്യാസമയമെത്തുമ്പോൾ തീരുമാനിക്കപ്പെട്ട യുവതിയെത്തേടി ഹെഗായി വരും. അവൾ അണിഞ്ഞൊരുങ്ങി കൊട്ടാരത്തിലേക്കു നടക്കും. പിറ്റേന്നു പ്രഭാതത്തിൽ ഉപനാരിമാരുടെ വിചാരിപ്പുകാരനും ഷണ്ഡനുമായ ഷാസ്ഗസ് വരും. അയാളുടെ കീഴിലുള്ള മറ്റൊരു അന്തഃപുരത്തിലാണ് ആ യുവനാരിമാരെ പിന്നീട് താമസിപ്പിക്കുന്നത്. അവൾ പള്ളിയറയിൽനിന്നു മടങ്ങിയശേഷം രാജാവിന് അവളിൽ സന്തുഷ്ടിതോന്നുകയും പേരുചൊല്ലി വിളിക്കുകയും ചെയ്തില്ലെങ്കിൽ പിന്നീട് അവൾ രാജസന്നിധിയിൽ പോവുകയില്ല. ഉപനാരിമാരിലൊരാളായി വേണമെങ്കിൽ കൊട്ടാരത്തിൽ കഴിയാം.

വീണ്ടുമൊരിക്കൽ കൊട്ടാരവരാന്തയിൽ അന്തഃപുരത്തിലേക്കുള്ള ഇടവഴിയിൽവച്ച് ഹഗായി മൊർദെക്കായിയെ കണ്ടു. അവൻ അങ്ങോട്ട് ഓടിച്ചെന്നു.

മുഖം നിറയുന്ന പുഞ്ചിരി.

"അങ്ങറിഞ്ഞില്ലേ?"

ചെന്നപാടേ ഹെഗായി ചോദിച്ചു.

"എന്താ വിശേഷം, ഞാനൊന്നുമറിഞ്ഞില്ലല്ലോ?"

മൊർദെക്കായ് ആകാംക്ഷാഭരിതനായി.

"അന്നത്തെ ആ അനാഥക്കുട്ടി എസ്തേറിന്റെ ഊഴമായിട്ടുണ്ട്."

ഹഗായിയുടെ വാക്കുകൾ കേട്ടു പ്രായം മറന്നു തുള്ളിച്ചാടണമെന്നു തോന്നി മൊർദെക്കായിക്ക്.

എന്നാൽ, നിസ്സംഗതയോടെ അയാൾ പ്രതിവചിച്ചു.

"വളരെ നല്ലകാര്യം."

ഹെഗായ് തുടർന്നു:

''എസ്തേറിനെ എല്ലാവർക്കും വലിയ ഇഷ്ടമാണ്. ഇത്രയും കാലംകൊണ്ട് പരിചാരകന്മാരുടെ എല്ലാം കണ്ണിലുണ്ണിയായി മാറിയിട്ടുണ്ടവൾ."

വളർത്തുമകളെക്കുറിച്ചുള്ള നല്ലവാക്കുകൾ കേട്ട് അയാൾ സന്തോഷിച്ചു. കൊട്ടാരംപരിചാരകന്റെ അഭിപ്രായം എല്ലാവരുടേതുമാണ് എന്നയാൾ മനസ്സിലാക്കി.

''അനാഥയാണെങ്കിലും ഏതോ നല്ല കുടുംബത്തിൽ പിറന്ന കുട്ടിയാണ്."

ഹഗായ് അഭിപ്രായപ്പെട്ടു.

"എത്ര വിശിഷ്ടമാണ് അവളുടെ പെരുമാറ്റം!"

മൊർദെക്കായി കൂടുതൽ സന്തുഷ്ടനായി.

''എന്നാണ് എസ്തേറിന്റെ ഊഴം?"

അയാൾ അന്വേഷിച്ചു

''നാളെ... നാളെ സന്ധ്യയ്ക്ക്.."

ഹെഗായി നടന്നകന്നു.

മൊർദെക്കായി ഉയരങ്ങളിലേക്കു കണ്ണുകളുയർത്തി ദൈവത്തോടു പ്രാർഥിച്ചു.

അന്നത്തെ ജോലികൾ വേഗത്തിൽ പൂർത്തിയാക്കിയ ശേഷം മൊർദെക്കായി കൊട്ടാരത്തിൽനിന്നു പുറത്തിറങ്ങി.

തന്റെ ജനങ്ങളുടെ അടുത്തേക്കു നീങ്ങി. അവിടെച്ചെന്ന് എല്ലാവരെയും വിളിച്ചുചേർത്തു. വയലിൽ കൃഷി ചെയ്തിരുന്നവരും ആടുമാടുകളെ മേയ്ക്കുന്നവരുമെല്ലാം വന്നുചേർന്ന സന്ധ്യാനേരം.

ല്ലാവരും കൂടാരമുറ്റത്ത് ഒത്തുകൂടി. അവിടെ സമ്മേളിച്ച എല്ലാവരോടുമായി അയാൾ പറഞ്ഞു:

''പ്രിയപ്പെട്ടവരേ, നമ്മുടെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നാളെ സന്ധ്യയ്ക്കാണ് എസ്തേർ രാജാവിനെ സന്ദർശിക്കുന്നത്. നാളത്തെ പരീക്ഷണത്തിൽ അവൾ വിജയശ്രീലാളിതയായി തിരിച്ചെത്താൻവേണ്ടി നമുക്കെല്ലാവർക്കും ഉപവാസമനുഷ്ഠിച്ചു പ്രാർത്ഥിക്കാം. പ്രവാസികളായ എബ്രായജനതയെ ദൈവം കൈവിടില്ല.

മൊർദെക്കായിയുടെ വാക്കുകൾ അവർക്ക് ഉണർവും ഉത്സാഹവുമായി. തങ്ങളുടെ പ്രിയപ്പെട്ട മകൾക്ക് നന്മയുണ്ടാകുവാനായി അവർ ഒന്നിച്ച് ഉപവാസപ്രാർഥന തുടങ്ങി.

ദൈവമേ... എസ്തേർ നിനക്കും മഹാരാജാവിനും പ്രിയപ്പെട്ടവളായിരിക്കാൻ കനിയണമേ. അങ്ങയുടെ കാരുണ്യത്തിന്റെ തേൻതുള്ളികൾ അവളിലേക്ക് ഇറ്റിക്കേണമേ. അവൾ വീഞ്ഞുപോലെ നുരഞ്ഞുതിളയ്ക്കട്ടെ. അവൾ രാജാവിന്റെ സിരകളിൽ ലഹരിയൊഴുകട്ടെ.

നിന്റെ അഭിഷേകതൈലം എത്രയോ സുരഭിലമാണ്.

അവളുടെ കവിൾത്തടങ്ങൾ കുറുനിരകൾകൊണ്ടും.

*ശേഷം 18-ാം പേജിൽ*




ജനുവരി 14
ദനഹാക്കാലം
രണ്ടാം ഞായർ

പുറ 3:9–16
പ്രഭാ 18:1–14
വെളി 1:4–8
യോഹ 8:21–30



# യാഹ്‌വെ – ആയിരിക്കുന്നവൻ ഞാനാകുന്നു



ഫാ. ഡോ. തോമസ് വടക്കേൽ

ദനഹാക്കാലം വെളിപ്പെടുത്തലിന്റെ കാലമാണ്. ദൈവം തന്നെത്തന്നെയും ദൈവപുത്രനെയുമൊക്കെ വെളിപ്പെടുത്തുന്ന കാലം. രണ്ടാം ഞായറാഴ്ചയിലെ വായനകളെല്ലാം പിതാവായ ദൈവത്തെയും പുത്രനായ മിശിഹായെയും വായനക്കാർക്കു വ്യക്തമാക്കിക്കൊടുക്കുകയാണ്. ഒന്നാംവായനയിൽ (പുറ. 3:9-16), ദൈവം തന്റെ പേര് മോശയ്ക്കു വെളിപ്പെടുത്തിക്കൊടുത്തത് മോശ അവതരിപ്പിക്കുന്നു. രണ്ടാം വായനയിൽ (പ്രഭാ. 18:1-14) ദൈവത്തിന്റെ മഹത്ത്വത്തെക്കുറിച്ചും അവിടുത്തെ പ്രഭാവത്തെക്കുറിച്ചും പ്രഭാഷകൻ പങ്കുവയ്ക്കുന്നു. മൂന്നാം വായനയിൽ (വെളി. 1:4-8) ആയിരിക്കുന്നവനും വരാനിരിക്കുന്നവനുമായ ദൈവത്തെക്കുറിച്ച് യോഹന്നാൻ ശ്ലീഹാ അവതരിപ്പിക്കുന്നു. നാലാം വായനയിൽ (യോഹ. 8:21-30) പിതാവായ ദൈവത്തിൽനിന്നുള്ളവനാണ് ഈശോമിശിഹാ എന്ന സത്യം യോഹന്നാൻ സുവിശേഷകൻ അറിയിക്കുന്നു. വായനക്കാർക്കു 'ദൈവം' എന്ന യാഥാർഥ്യത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് എല്ലാ വായനകളുടെയും പ്രമേയം.

**പുറപ്പാട് 3:9-16:** ഇസ്രയേൽജനത്തെ ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുക എന്ന മഹത്തായ ദൗത്യം ദൈവം മോശയെയാണു ഭരമേല്പിക്കുന്നത്. എന്നാൽ, ഭാരിച്ച ഈ ഉത്തരവാദിത്വം പൂർത്തീകരിക്കാൻ താൻ അയോഗ്യനാണെന്നും അപര്യാപ്തനാണെന്നും മോശ ദൈവത്തെ അറിയിക്കുന്നു. ഈ സാഹചര്യത്തിൽ മോശയെ ദൈവം ശക്തിപ്പെടുത്തുന്നതു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ടാണ്. ഇന്നത്തെ വായനയിലെ ദൈവവും മോശയുമായുള്ള പരസ്പര സംഭാഷണങ്ങൾ ദൈവത്തെ വായനക്കാർക്കുമുമ്പിൽ പ്രകാശിതമാക്കുന്നു.

ഈ മഹത്തായ ദൗത്യം നിർവഹിക്കാൻ താൻ ആരാണ് എന്നതാണ് മോശയുടെ ഒന്നാമത്തെ ചോദ്യം (3:11). മോശ തന്റെ കഴിവില്ലായ്മയെക്കുറിച്ചു വിലപിക്കുകയാണിവിടെ. "ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും" (3:12). ഇതാണ് മോശയുടെ ചോദ്യത്തിനുള്ള ഉത്തരം. ദൈവം കൂടെയുള്ളപ്പോൾ എല്ലാം ചെയ്യാൻ മോശയ്ക്കു സാധിക്കുമെന്നുള്ള ഒരു ഉറപ്പ് നൽകലാണിത്. മാനുഷികകഴിവുകൾക്കു പരിധിയും പരിമിതിയും ഉണ്ട്. ദൈവത്തിന് എല്ലാം സാധ്യമാണ്.

ഇസ്രയേൽമക്കളെ രക്ഷിക്കുന്ന ദൈവത്തിന്റെ പേര് എന്താണെന്നു ജനം ചോദിച്ചാൽ അതിന് എന്തുത്തരം കൊടുക്കണമെന്നതാണ് മോശയുടെ രണ്ടാമത്തെ ചോദ്യം (3:13). ആ ചോദ്യത്തിന് ദൈവം നൽകുന്ന ഉത്തരം "ഞാൻ ഞാൻതന്നെ" (I am who I am) എന്നാണ്. ഹയാഹ് അഷെർ ഹയാഹ് എന്ന ഹീബ്രു പ്രയോഗത്തിന്റെ അർഥം ആയിരിക്കുന്നവൻ ആരോ അയാൾ എന്നാണ്. 'ഹയാ' എന്ന ഹീബ്രു പദത്തിൽനിന്നാണ് 'ആയിരിക്കുക' (to be) എന്നർഥമുള്ള യാഹ്‌വേ (Yahweh) എന്ന പേരു രൂപപ്പെട്ടിരിക്കുന്നത്. 'ദൈവം' (God) എന്നർഥം വരുന്ന ഹീബ്രു ഭാഷയിലെ എലോഹിം(Elohim) എന്ന പദത്തിനു പര്യായമായിട്ടാണ് 'ആയിരിക്കുക' എന്നർഥം വരുന്ന ഹയാ (hayah) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (3:14). തന്നിൽത്തന്നെ അസ്തിത്വം ഉള്ളവനാണ് ദൈവം; ഒപ്പം മറ്റുള്ളവയ്ക്കെല്ലാം അസ്തിത്വം നൽകുന്നവനും.

ദൈവം തന്നെത്തന്നെ വീണ്ടും പരിചയപ്പെടുത്തുന്നുണ്ട്: പിതാക്കന്മാരുടെ ദൈവമായ കർത്താവ്, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. 'എലോഹിം യാഹ്‌വെ' എന്ന പ്രയോഗം ശ്രദ്ധേയമാണ് യജമാനൻ, കർത്താവ് (Lord) എന്നൊക്കെ അർഥം വരുന്ന യാഹ്‌വെ (YHWH) എന്ന പദം ദൈവം 'കർത്താവ്' ആണെന്നു സാക്ഷ്യപ്പെടുത്തുന്നു.

**പ്രഭാഷകൻ 18:1-14:** പ്രഭാഷകന്റെ പുസ്തകം പ്രബോധനങ്ങളുടെ പുസ്തകമാണ്. അതു ദൈവികമായ അറിവും ധാർമികമായ ദർശനങ്ങളും പങ്കുവയ്ക്കുന്നു. അനശ്വരനായ ദൈവത്തെക്കുറിച്ചുള്ള അവതരണമാണ് ഇന്നത്തെ വായനയിൽ നാം ശ്രവിക്കുന്നത്. ദൈവം സ്രഷ്ടാവാണ് (18:1), അവിടുന്ന് എന്നേക്കും ജീവിക്കുന്നവനാണ്. ദൈവം നീതിമാനാണ് (18:2).

അനശ്വരമായ, നിത്യമായ (eternal) എന്നർഥം വരുന്ന ഐയോണോസ് (aionos) എന്ന ഗ്രീക്കുവാക്കാണ് സപ്തതിയിൽ (LXX) ഉപയോഗിച്ചിരിക്കുന്നത്. ദൈവം എന്നേക്കും നിലനിൽക്കുന്നവനാണെന്ന, ജീവിക്കുന്നവനാണെന്ന സൂചനയാണിതു നൽകുന്നത്. ദൈവം അനശ്വരനാണ്. ഇസ്രയേലിന്റെ ദൈവത്തിന്റെ വ്യതിരിക്തതയാണ് ഈ പ്രയോഗം വ്യക്തമാക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെട്ട ദൈവങ്ങൾ വർഷംതോറും ജനിക്കുകയും മരിക്കുകയും ചെയ്യുന്നുവെന്നു കരുതിയിരുന്ന ഇതര മതവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ് ഇസ്രയേലിന്റെ ദൈവത്തിന്റെ നിത്യതയും അനശ്വരതയും അവതരിപ്പിക്കുന്നത്.

ദൈവത്തിന്റെ മറ്റൊരു പ്രത്യേകത അവിടുത്തെ കാരുണ്യമാണ് (18:5,11). ദൈവത്തിന്റെ സ്വഭാവത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം 'എലെയോസ്' (eleos) എന്നതാണ്. കരുണ, അനുകമ്പ (mercy, compassion, sympathy) എന്നാണ് ഈ വാക്കുകളുടെ അർഥം. ദൈവം ആർദ്രഹൃദയനും എല്ലാവരോടും സഹാനുഭൂതി കാണിക്കുന്നവനുമാണെന്ന ചിന്താഗതി ഇസ്രയേൽക്കാരുടെ ഇടയിൽ പ്രബലമായിരുന്നു. അതാണ് ഇവിടെ വെളിവാക്കപ്പെടുന്നത്.

**വെളിപാട് 1:4-8:** ഏഷ്യയിലെ ഏഴു സഭകൾക്കായി എഴുതുന്ന കത്തിൽ യോഹന്നാൻ ശ്ലീഹാ പരിശുദ്ധത്രിത്വത്തിലെ വ്യക്തികളെ എല്ലാവർക്കുമായി വെളിപ്പെടുത്തുകയാണിവിടെ. ദൈവത്തെക്കുറിച്ച് മൂന്നു വാക്കുകളാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനുമായവൻ (1:4). ഹോറെബ് മലയിൽവച്ച് ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ യാഹ്‌വെ (Yahweh) എന്ന നാമത്തിന്റെ (പുറ. 3:14,15; 6:3,4) വ്യാഖ്യാനമാണിത്. കാലത്തിനതീതനായ, നിത്യനായവനാണ് ദൈവം എന്ന യാഥാർഥ്യം ഇതു വെളിവാക്കുന്നു.

സിംഹാസനസന്നിധിയിലെ സപ്താത്മാക്കൾ (Seven Spirits) ആരാണ്? 'ശ്വാസം, ആത്മാവ്' തുടങ്ങിയ അർഥങ്ങൾ വരുന്ന ഗ്രീക്കുഭാഷയിലെ പ്നെവുമ (pneuma) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കൃപയുടെ ഉറവിടമായി ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ആത്മാവ് പരിശുദ്ധത്രിത്വത്തിലെ പരിശുദ്ധാത്മാവാണ്. ഏഴ് പൂർണതയെ സൂചിപ്പിക്കുന്ന പദമാണ്. ആത്മാവിന്റെ പൂർണതയാണ് അത് അർഥമാക്കുന്നത്. കൂടാതെ, സപ്തദാനങ്ങളുടെ ദാതാവിനെ (ഏശയ്യാ 11:2,3) യാവണം ഇവിടെ സപ്താത്മാക്കൾ എന്നു വിളിക്കുന്നത്.

ഈശോമിശിഹാ ആരാണെന്നു വ്യക്തമാക്കുന്ന മൂന്നു വാക്കുകളാണ് അഞ്ചാം വാക്യത്തിൽ നാം വായിക്കുന്നത്. വിശ്വസ്തസാക്ഷി, മൃതരിൽനിന്നുള്ള ആദ്യജാതൻ, ഭൂമിയിലെ രാജാക്കന്മാരുടെ അധിപൻ (1:5). പിതാവായ ദൈവത്തോടു വിശ്വസ്തത പുലർത്തിയവനാണ് പുത്രനായ ഈശോ (trustworthy witness). മരണത്തെ പരാജയപ്പെടുത്തിയ ആദ്യജാതനാണ് ഈശോ (first - born of the dead). പിതാവായ ദൈവത്തിൽനിന്നു സകല അധികാരവും സ്വീകരിച്ചിരിക്കുന്നവനാണ് ഈശോ (ruler of kings on earth). "ഞാൻ അവനെ എന്റെ ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരിൽ അത്യുന്നതനുമാക്കും (സങ്കീ. 89:27). കൂടാതെ, ആറാം വാക്യത്തിൽ ഈശോയെ അവതരിപ്പിക്കുന്നത് സ്നേഹിക്കുന്നവനെന്നും, മോചിപ്പിക്കുന്നവനെന്നുമാണ്. ദൈവം ആദിയും അന്തവുമാണ്; ആൽഫയും ഒമേഗയുമാണ് (1:8). ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെ അക്ഷരമാണ് ആൽഫാ (Alpha); അവസാനത്തെ അക്ഷരമാണ് ഒമേഗ (Omega). എല്ലാറ്റിന്റെയും ആരംഭവും എല്ലാറ്റിന്റെയും ലക്ഷ്യവും ദൈവംതന്നെയാണെന്ന സൂചനയാണിത്. ദൈവം സർവശക്തനാണ്. പാന്തോക്രാത്തോർ (pantokrator) എന്ന ഗ്രീക്കുപദമാണ് ദൈവത്തെ വിശേഷിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സർവചരാചരങ്ങളെയും, സൃഷ്ടവസ്തുക്കളെയുമെല്ലാം നിയന്ത്രിക്കുന്നത് സർവശക്തനായ (All powerful; Almighty) ദൈവമാണ്. അവിടത്തെക്കൂടാതെ മറ്റൊരു ശക്തിയില്ല; അധികാരമില്ല. എല്ലാം അവിടുത്തെ കീഴിലാണ്.

**യോഹന്നാൻ 8:21-30:** ഈശോ ആരാണെന്നുള്ള നാലു പ്രഭാഷണങ്ങളാണ് യോഹ 8:12-59 ൽ യോഹന്നാൻ ശ്ലീഹാ നടത്തുന്നത്. ഈശോ ലോകത്തിന്റെ പ്രകാശമാണ് (8:12-20); ഈശോ 'ആയിരിക്കുന്നവൻ' ആണ് (8:21-30); ഈശോ ദൈവപുത്രനാണ് (8:31-47); ഈശോ അബ്രാഹത്തെക്കാൾ വലിയവനാണ് (8:48-59). ഇന്നത്തെ സുവിശേഷത്തിൽ നാം ശ്രവിക്കുന്നത് ഈശോ ആരാണെന്നുള്ള ശ്ലീഹായുടെ രണ്ടാമത്തെ പ്രഭാഷണമാണ്.

ഈശോ മുകളിൽനിന്നുള്ളവനാണ് (8:23). ഉയരങ്ങളിൽ, ഉന്നതങ്ങളിൽ (above, upward) എന്നർഥം വരുന്ന ഗ്രീക്ക് ഭാഷയിലെ അനോ (ano) എന്ന ക്രിയാവിശേഷണം സ്വർഗത്തെയാണു സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ പര്യായപദമാണ് സ്വർഗം. ഈശോ ദൈവമാണ്, ദൈവത്തിൽനിന്നുള്ളവനാണ്.

ഈശോ പറഞ്ഞു: ഞാൻ ഞാൻതന്നെ. എഗോ എയ്മി (ego eimi) എന്ന ഗ്രീക്കു പ്രയോഗം ദൈവത്തിന്റെ നാമമായി ഉപയോഗിക്കുന്ന ഒന്നാണ്. താൻ ദൈവമാണ് എന്ന സത്യം ഈ വാക്കുകളിലൂടെ ഈശോ വ്യക്തമാക്കുന്നു (8:24). ഒരിക്കൽ കൂടി എഗോ എയ്മി (=I am He) എന്ന പ്രയോഗം ഈശോ നടത്തുന്നുണ്ട് (8:28). തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും താൻ 'ആയിരിക്കുന്നവനായ' ദൈവമാണെന്ന് എല്ലാവരും ഗ്രഹിക്കുമെന്നാണ് ഈശോ ഇവിടെ പറയുന്നത്. ■



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# വിരുന്നിന്റെ രാഷ്ട്രീയവും അതുണ്ടാക്കിയ പൊല്ലാപ്പും

നേർമൊഴി

**വി**രുന്നിനു ക്ഷണം ലഭിച്ചാൽ അതു നിരസിക്കുന്നവർ ചുരുക്കമാണ്. വിരുന്ന് സാധാരണ നിലയിൽ സൗഹൃദത്തിന്റെ അടയാളമാണ്. വിരുന്നിനു പോയെന്നു കരുതി അവരുടെ കൂട്ടാളിയായെന്നോ അവരുടെ കീഴിലായെന്നോ ഒന്നുമർഥമില്ല. വിളിക്കുന്നയാൾ പ്രധാനപ്പെട്ടതായാൽ പങ്കെടുക്കാനുള്ള സാധ്യത വർധിക്കും. പ്രധാനമന്ത്രി ക്രിസ്മസിനോടനുബന്ധിച്ചു ക്രൈസ്തവമേലധ്യക്ഷന്മാരെയും നേതാക്കന്മാരെയും ഡൽഹിയിൽ വിളിച്ചുകൂട്ടിയതിനെ സംബന്ധിച്ചു ചില ഇടതുനേതാക്കന്മാർക്ക് അസ്വസ്ഥത. സജി ചെറിയാൻ എന്ന മന്ത്രി അതു പച്ചയ്ക്കു പറയുകയും നാട്ടുകാരുടെയെല്ലാം കൊട്ടപ്പടി തെറി ഏറ്റുവാങ്ങുകയും ചെയ്തിരിക്കുകയാണ്.

പ്രധാനമന്ത്രി ഏതു പാർട്ടിയിൽപ്പെട്ടയാളാണെങ്കിലും രാജ്യത്തിന്റെ അധികാരിയെന്ന നിലയിൽ അതിഥികളെ വിളിച്ചു വിരുന്നുനടത്താൻ



അധികാരമുള്ളയാളാണ്. പല സന്ദർഭങ്ങളിലായി വിവിധ സമുദായനേതാക്കന്മാരെ അദ്ദേഹം വിളിച്ചുചേർത്തു സൗഹൃദം പങ്കുവച്ചിട്ടുണ്ട്. കഴിഞ്ഞ ഈസ്റ്റർദിനങ്ങളിൽ അദ്ദേഹം ഡൽഹിയിലെ ചില ക്രൈസ്തവദൈവാലയങ്ങൾ സന്ദർശിക്കുകയുണ്ടായി.

അതിന്റെ തുടർച്ചയായിട്ടുവേണം ക്രിസ്മസ്സദസ്സിനെ കാണാൻ. ഒരു ഋഷിയുടെ നിഷ്കളങ്കതയോടും നിർവികാരതയോടുംകൂടിയാണ് പ്രധാനമന്ത്രി ക്രൈസ്തവനേതാക്കന്മാരെ വിളിച്ചുകൂട്ടിയതെന്നു സാമാന്യബുദ്ധിയുള്ള ആരും അംഗീകരിക്കുകയില്ല.

ക്രൈസ്തവന്യൂനപക്ഷം എണ്ണത്തിൽ ചെറുതാണെങ്കിലും ശക്തിയും സ്വാധീനവും സ്വീകാര്യതയുമുള്ള ഒരു സമൂഹമാണെന്നു പ്രധാനമന്ത്രിക്കും ബിജെപിക്കുമറിയാം. ക്രൈസ്തവാരാധനാലയങ്ങളും സ്ഥാപനങ്ങളും ആക്രമിക്കപ്പെടുന്നതുമായി ബന്ധപ്പെട്ടും മണിപ്പുർവിഷയത്തിൽ പ്രധാനമന്ത്രി കൃത്യസമയത്ത് ഇടപെടാത്തതുമായി ബന്ധപ്പെട്ടും ബിജെപി സർക്കാരിനോടു ക്രൈസ്തവന്യൂനപക്ഷം നല്ല ബന്ധത്തിലല്ലെന്നു പ്രധാനമന്ത്രിക്കറിയാം. മാത്രവുമല്ല, 2024 ലെ പൊതുതിരഞ്ഞെടുപ്പിൽ കേരളത്തിൽനിന്ന് ബിജെപി എം.പി. വിജയിക്കണമെങ്കിൽ ക്രൈസ്തവവോട്ടുകൾ നിർബന്ധമാണെന്നും അവർക്കറിയാം.

പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ചു വിരുന്നിൽ പങ്കെടുത്ത സഭാധികാരികളെ മന്ത്രി സജി ചെറിയാൻ അപമാനിച്ചും വിമർശിച്ചും സംസാരിച്ചത് ഇടതുപക്ഷനേതാക്കന്മാരിൽത്തന്നെ അമ്പരപ്പുളവാക്കിയിരിക്കുകയാണ്. വീഞ്ഞു കണ്ടപ്പോൾ മെത്രാന്മാർക്കു രോമാഞ്ചമുണ്ടായെന്നാണു മഹാനായ മന്ത്രിയുടെ കണ്ടുപിടിത്തം. മുഖ്യമന്ത്രിയെ സുഖിപ്പിക്കാൻവേണ്ടി മന്ത്രി തട്ടിവിട്ടതാണ് ഈ മണ്ടത്തരം എന്നാണു വ്യാഖ്യാനം. കേരളത്തിലെ മന്ത്രിമാരുടെ നിലവാരമോർത്ത് അവരെ പ്രതിഷ്ഠിച്ച മുഖ്യമന്ത്രി അഭിമാനപുളകിതനാകണം. സാംസ്കാരികമന്ത്രിയായതുകൊണ്ട് മന്ത്രി അന്തസ്സുള്ള ഭാഷ ഉപയോഗിക്കണമെന്ന് ആരും ശാഠ്യം പിടിക്കരുത്. ഓരോരുത്തർക്കും അവരവരുടെ നിലവാരത്തിനൊത്തേ സംസാരിക്കാനാവുകയുള്ളൂ. ലോക്കൽ കമ്മിറ്റിയിലെ അടിമകളോടു സംസാരിക്കുന്ന ശൈലിയിലാണ് മന്ത്രിയുടെ പ്രസംഗം. ഇന്ത്യൻ ഭരണഘടനയിൽപ്പോലും വിശ്വാസം പോരാത്ത മഹാനാണ് മന്ത്രി.

അതിന്റെ പേരിൽ മന്ത്രിസഭയിൽനിന്നു പുറത്താക്കപ്പെട്ടെങ്കിലും തനിക്കു പ്രയോജനപ്പെടുമെന്നു കരുതി മുഖ്യമന്ത്രി രണ്ടാമൂഴം നൽകിയതുകൊണ്ടാണു മന്ത്രിസ്ഥാനത്തിരുന്ന് ഇപ്പോൾ മന്ത്രിസഭയെ നാറ്റിക്കാൻ അദ്ദേഹത്തിനവസരം ലഭിച്ചത്.

ക്ഷണം സ്വീകരിക്കണോ നിരസിക്കണോ എന്നു നിശ്ചയിക്കാനുള്ള അവകാശം മന്ത്രിക്ക് ആരു നൽകി? സിപിഎമ്മിനു ബിജെപിയോടുള്ള പിണക്കം ക്രൈസ്തവമേലധ്യക്ഷന്മാരുടെ തലയിൽ കെട്ടിവച്ചു മിടുക്കനാകാൻ ശ്രമിച്ച മന്ത്രി അപഹാസ്യനായി മാറി. വിദ്യാഭ്യാസവും സംസ്കാരവും അടിസ്ഥാനമര്യാദകളും അറിയുന്ന മെത്രാന്മാർ മണിപ്പൂർ വിഷയം ആ സമയത്ത് ചർച്ച ചെയ്യാഞ്ഞത് അവരുടെ വിവേകം കൊണ്ടാണ്. മണിപ്പൂർവിഷയം ചർച്ചയാക്കണമെന്നു പറയുന്നത് ശുദ്ധവിവരക്കേടും അവിവേകവും. അതു ധാരാളമുള്ളയാളാണെന്നു പലവുരു തെളിയിച്ചിട്ടുള്ളയാളാണ് നമ്മുടെ സാംസ്കാരികമന്ത്രി. ജി. സുധാകരനെപ്പോലെയുള്ള ജനകീയനായ ഒരു കമ്യൂണിസ്റ്റുകാരനെ വെട്ടിനിരത്തിയ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിൽ ഒരാളു വേണമല്ലോ. അദ്ദേഹമാണ് പിണറായിയുടെ വിശ്വസ്തനായ സജിമന്ത്രി.

വിരുന്നിനു ക്ഷണിച്ച പ്രധാനമന്ത്രിയെ വിമർശിക്കാൻ സിപിഎമ്മിന് ഉളുപ്പു തോന്നേണ്ടതാണ്. കാരണം, നവകേരളസദസ്സിലേക്ക് മുഖ്യമന്ത്രി വേണ്ടപ്പെട്ടവരെയെല്ലാം ക്ഷണിച്ചിരുന്നു. അതിൽ വൈദികരും മെത്രാന്മാരും പങ്കെടുത്തിരുന്നു. ആ സമയത്ത് സജി മന്ത്രിക്കു തോന്നാത്ത രോമാഞ്ചം ഇപ്പോൾ തോന്നാൻ കാരണമെന്താണ്? ക്രൈസ്തവവിശ്വാസത്തിന്റെമേലും വൈദികരുടെമേലും കുതിരകയറുന്ന രീതി ഇടതുനേതാക്കന്മാർക്കാണ് കൂടുതലെന്നു കേരളത്തിലെ ക്രൈസ്തവർക്കറിയാം. സംഘടിതരല്ലെന്ന ഒറ്റക്കാരണത്താലാണ് വൈദികർക്കെതിരേ ഈ അധിക്ഷേപം. ക്രൈസ്തവവോട്ടുകൾ കൂടാതെ കേരളത്തിൽ ഒരു മുന്നണിക്കും അധികാരത്തിലെത്താൻ ആവുകയില്ലെന്നു നേതാക്കന്മാരെങ്കിലും അറിയുന്നതു നല്ലത്. ക്രൈസ്തവവിരുദ്ധത പൊതുവിടങ്ങളിൽ വിളിച്ചുകൂവുന്ന നാലഞ്ചു നേതാക്കന്മാർ നാടു ഭരിക്കുന്ന പാർട്ടിയിലുണ്ട്. അത്തരം നാലഞ്ചു 'മുതലി'നെക്കൂടി നാടിനു സംഭാവന ചെയ്യാൻ സിപിഎമ്മിനായാൽ യുഡിഎഫ് വിരോധം മാറിക്കിട്ടും. ■




മാത്യൂസ് ആർപ്പൂക്കര

## കോഴി

**ലോ**കമെങ്ങും കാണപ്പെടുന്ന പക്ഷികളാണ് കോഴികൾ. മനുഷ്യനുമായി ഏറ്റവും അടുപ്പമുള്ള പക്ഷി എന്ന സ്ഥാനവും കോഴിക്കുതന്നെ. പക്ഷികളിൽ മനുഷ്യർ ഏറ്റവുമധികം ഇണക്കി വളർത്തുന്നതും കോഴിയെത്തന്നെ. ഏഷ്യയുടെ തെക്കുകിഴക്കൻ വനമേഖലയിലുണ്ടായിരുന്ന ചുവന്ന കാട്ടുകോഴികളാണ് ഇന്നത്തെ നാടൻകോഴികളുടെ മുതുമുത്തച്ഛന്മാർ. കോഴികളുടെ ഉദ്ഭവത്തെക്കുറിച്ച് ഏകാഭിപ്രായമില്ല. ചുവന്ന ഉച്ചിപ്പൂവും ചുണ്ടിനുതാഴെ കാണുന്ന മാംസളമായ ആടകളും പൂവൻകോഴികളുടെ പ്രത്യേകതകളാണ്. ചുവപ്പ്, തവിട്ട്, ഓറഞ്ച്, ചാരനിറം, കറുപ്പ്, പച്ച, നീല, ഒലീവ്, വെള്ള, സ്വർണനിറം എന്നിങ്ങനെ വ്യത്യസ്ത വർണത്തൂവലുകൾ കോഴികളിൽ കാണുന്നു. പൂവൻതന്നെയാണ് കോഴികളുടെ കൂട്ടത്തിലെ നേതാവും സുന്ദരനും മല്ലനും.

കോഴികളുടെ എല്ലുകൾക്കു ഭാരം തീരെ കുറവാണ്. ചിറകുകൾ ഭേഷായി ഉണ്ടെങ്കിലും അധികദൂരം ഇവയ്ക്കു പറക്കാൻ കഴിയില്ല. ഓടാനും ചാടാനും ചികയാനും പറ്റുംവിധത്തിലാണ് കാലുകളുടെ ക്രമീകരണം. നീണ്ടുവളഞ്ഞ നഖങ്ങൾ മണ്ണു ചികഞ്ഞ് തീറ്റ തേടാൻ സഹായിക്കുന്നു. ബലമുള്ള കൊക്കുകൾ ധാന്യങ്ങളും മറ്റും കൊത്തിവിഴുങ്ങാൻ ഉത്തമം. കോഴിപ്പിടകൾക്കു പൂവനെക്കാൾ വലുപ്പം കുറവായിരിക്കും. ഒരേ സ്ഥലത്തുതന്നെയായിരിക്കും പിടക്കോഴികൾ എല്ലാ ദിവസവും മുട്ടയിടുക. 21 ദിവസം ഭക്ഷണവും വെള്ളവും കഴിക്കാതെയാണു തള്ളക്കോഴി മുട്ടകൾക്കു മേലേ അടയിരിക്കുന്നത്. കോഴിക്കുഞ്ഞുങ്ങൾ മുട്ടയുടെ തോടു പൊട്ടിച്ചാണു പുറത്തുവരിക. അഞ്ചാഴ്ച കഴിയുമ്പോൾ കോഴിക്കുഞ്ഞുങ്ങൾക്കു തൂവലുണ്ടാകും. മൂന്നു മാസമാകുമ്പോഴേക്കും തള്ളക്കോഴി കുഞ്ഞുങ്ങളെ സ്വതന്ത്രരാക്കുന്നു.

മാംസത്തിനും മുട്ടയ്ക്കും വേണ്ടി വ്യാപകമായ തോതിൽ ലോകമെമ്പാടും മനുഷ്യർ കോഴിയെ വളർത്തുന്നു. മാംസത്തിനുമാത്രമായി വളർത്തുന്ന കോഴികളെ 'ബ്രോയിലർ' എന്നാണു വിളിക്കുക. വൈറ്റ് ലഗോൺ, ബ്ലാക് മൈനോർക്ക, പ്ലിമത്ത് റോക്ക്, റോഡ് ഐലൻഡ് റെഡ് തുടങ്ങിയവയാണ് വളർത്തുകോഴികളിലെ മുഖ്യയിനങ്ങൾ. വൈറ്റ് ലഗോൺ തുടങ്ങിയവയിൽ പിടയുടെയും പൂവന്റെയും നിറം ഒന്നുതന്നെയായിരിക്കും. ഇന്നു വളർത്തുന്ന കോഴികളിൽത്തന്നെ വിവിധ സ്പീഷിസ് തമ്മിൽ ഇണചേർത്തുണ്ടാകുന്ന സങ്കരജാതികൾ ഏറെയുണ്ട്. തന്മൂലം അധികം മുട്ടയിടുന്നവയും കൂടുതൽ മാംസം തരുന്നതുമായ വളരെയേറെ സങ്കരജാതികളായ കോഴികൾ ഉണ്ടായിട്ടുണ്ട്. ഉഷ്ണരക്തജന്തുവായ കോഴി ഫാസിയാനിടെ കുലത്തിൽപ്പെടുന്നു. ശാസ്ത്രനാമം: ഗാലസ് ഗാലസ് എന്നാണ്.



Deepanalam Weekly

RNI No : 16998/68
Vol. 56 No. 43 Date of Publication 4 Jan 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org